# വലാഉം ബറാഉം; അബ്ദു റഹ്മാനോടൊരു വിയോജനക്കുറിപ്പ്

الحَمْدُ لِلَّهِ الوَاحِدِ القَهَّارِ، وَالصَّلَاةُ وَالسَّلَامُ عَلَى الرَّسُولِ النَّبِيِّ المُخْتَارِ، وَعَلَى آلِهِ وَأَصْحَابِهِ الأَخْيَارِ، وَبَعْدُ:

വലാഉം ബറാഉമായി ബന്ധപ്പെട്ട ചർച്ചകൾ സോഷ്യൽ മീഡിയയിലും മറ്റും മുറുകുന്നതിനിടയിലാണ് അബ്ദു റഹ്മാൻ ബ്നു അബ്ദു ലതീഫിന്റെ ഈ വിഷയവുമായി ബന്ധപ്പെട്ട ലേഖനം കണ്ണിലുടക്കിയത്. 'വലാഉം ബറാഉമായി' ബന്ധപ്പെട്ട ചർച്ചകൾ ഏറെയൊന്നും ഉയർന്നു കേൾക്കാത്ത, ഈ വിഷയത്തിൽ പ്രാവർത്തിക രംഗത്ത് അബദ്ധങ്ങൾ ഏറെ വരുത്തുന്ന ചില പ്രാസംഗികർ അടങ്ങുന്ന ഒരു കക്ഷിയോട് വളരെ അടുത്തു നിൽക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ എന്തായിരിക്കും ലേഖനത്തിലുണ്ടായിരിക്കുക എന്ന ഒരു കൗതുകമുണ്ടായിരുന്നു.

കൗതുകം ഇപ്പോഴും കൗതുകമായി തന്നെ ബാക്കി നിൽക്കുന്നു. 'വലാഉം ബറാഉം' വിശദീകരിക്കാനെന്നോണം –അല്ലെങ്കിൽ; അതിൽ ചിലർക്ക് വരുന്ന അതിരു കവിച്ചിൽ തിരുത്താനെന്നോണം– എഴുതിയ ലേഖനത്തിലെവിടെയും ബറാഅതിനെ വിശദീകരിക്കുന്ന ഒരു ആയത്തോ ഹദീഥോ പോലുമില്ല. എന്നാൽ ബറാഅതിനെ മനസ്സിലാക്കുന്നതിൽ അബദ്ധം പിണഞ്ഞ, അതിൽ അതിരു കവിഞ്ഞവർ പലപ്പോഴും ശ്രദ്ധിക്കാറില്ലാത്ത 'മുആമലാതു'കൾ –ഇടപാടുകൾ– പരാമർശിക്കുന്ന ആയത്തുകളും ഹദീഥുകളും വേണ്ടുവോളമുണ്ട്.

ഇത് പലപ്പോഴും അബ്ദു റഹ്മാന്റെ ലേഖനങ്ങളുടെ പൊതുശൈലിയിൽ പെട്ടതാണെന്നാണ് എന്റെ വിലയിരുത്തൽ. അതബദ്ധമാണെങ്കിൽ അബ്ദു റഹ്മാൻ തന്നെ തിരുത്തട്ടെ.

ജനാധിപത്യ സംവിധാനം കുഫ്റാണെന്നോ, അത് ഇസ്ലാമിന് വിരുദ്ധമാണെന്നോ ഉള്ള പ്രാഥമിക ജ്ഞാനം പോലുമില്ലാത്ത ബഹുഭൂരിപക്ഷ സമൂഹത്തിന് മുന്നിൽ ലേഖനമെഴുതുമ്പോൾ അബ്ദു റഹ്മാൻ ജനാധിപത്യത്തെ കുറിച്ചോ, അതിന്റെ അപകടങ്ങളെ കുറിച്ചോ വാചലനാകില്ല. എന്തിനധികം ഇസ്ലാമിക ഭരണം നിലനിൽക്കുന്ന രാജ്യങ്ങളെക്കാൾ മഹത്വവും സ്വാതന്ത്ര്യവും സുരക്ഷിതത്വവുമുള്ളത് ജനാധിപത്യ രാജ്യങ്ങളിലാണെന്ന പമ്പരവിഡ്ഢിത്തം പ്രാസംഗകരിൽ പലരും വിളമ്പുന്നത് കേട്ടാൽ പോലും അതിനെതിരെ അബ്ദു റഹ്മാന്റെ കീബോർഡ് ചലിക്കില്ല. സ്റ്റേജുകൾ പലതൊരുമിച്ച് പങ്കെടുത്തവരിൽ ചിലർ 'ജനാധിപത്യ സംവിധാനത്തിലധിഷ്ഠിതമായ ഭരണസംവിധാനം നിലവിൽ വന്ന ദിവസം നീതി പുലർന്ന ദിവസമാണെന്ന്' കുഫ്റിന് മാഹാത്മ്യം പാടിയാലും; ഇല്ല! അബ്ദു റഹ്മാന് നോവില്ല.

നിരുപാധം വോട്ടിംഗ് ചെയ്തു കൊണ്ടിരിക്കുന്ന, അത് ഇസ്ലാമിന് വിരുദ്ധമായ സംവിധാനമാണെന്നോ, ഒരു പ്രത്യേക സാഹചര്യത്തിൽ നമുക്ക് അത് അനുവദിക്കപ്പെട്ടതാണെന്നോ അറിയാത്ത ബഹുഭൂരിപക്ഷം വരുന്ന സമൂഹത്തിന് മുൻപിൽ എഴുതുമ്പോൾ വോട്ടിംഗ് ഇവിടെ അനുവദനീയമാണെന്നും -ഒരു വേള; നിർബന്ധമാണെന്നുമൊക്കെ- എഴുതുന്നതിന് വരികളധികം ചിലവഴിക്കും; തെളിവുകളനവധി ഉദ്ധരിക്കും. എന്നാൽ ഈ സംവിധാനത്തിലെ അപാകതകളെയോ, അതിലെ ഇസ്ലാം വിരുദ്ധതയെയോ കുറിച്ചോ നിശബ്ദനായിരിക്കും.

അതെ! നിങ്ങളുടെ ലേഖനത്തിൽ ഏതു വിഷയത്തിന് കൂടുതൽ മുൻഗണന നൽകണമെന്നും, ഏതു തിന്മയെയാണ് കൂടുതൽ തിരുത്തേണ്ടതെന്നുമൊക്കെ തീരുമാനിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. പക്ഷേ, സമൂഹത്തിൽ വ്യാപകമായിരിക്കുന്ന തിന്മകളെ തിരുത്താതെ, അത്തരം വിഷയങ്ങളിൽ ചുരുങ്ങിയ വാക്കുകളിലൊതുങ്ങുകയോ, നിശബ്ദത പാലി

ക്കുകയോ ചെയ്യുമ്പോൾ വായനക്കാരായ ഞങ്ങളിൽ ചിലർക്ക് സംശയിക്കാനും അർഹതയുണ്ട്. പ്രത്യേകിച്ച്, നിങ്ങൾ തിരുത്തുന്ന തിന്മകളെക്കാൾ നിങ്ങൾ നിശബ്ദനായിരിക്കുന്ന തിന്മകൾക്ക് ഗൗരവമുണ്ടാകുമ്പോൾ.

വോട്ടിംഗ് ചെയ്യാതെ മാറിനിൽക്കുന്നത് –നിങ്ങളുടെ കണക്കിൽ– ഒരു തെറ്റ് തന്നെയാണെന്ന് സമ്മതിച്ചാൽ പോലും, അതിനെക്കാൾ ഗൗരവമുള്ള തെറ്റാണ് അല്ലാഹുവിന്റെ നിയമത്തെക്കാൾ നന്മ നിറഞ്ഞതാണ് ഭൗതിക നിയമസംവിധാനങ്ങളെന്ന് വിശ്വസിക്കലും, അതിന്റെ നിലനിൽപ്പിൽ ഇസ്ലാമിന് യാതൊരു അപകടവുമില്ലെന്ന് ധരിക്കലും. ആദ്യത്തേത് –നിങ്ങളുടെ കണക്കിൽ പരിഗണിക്കുകയാണെങ്കിൽ– ഒരു ഹറാമാണ് ആകുന്നതെങ്കിൽ, രണ്ടാമത്തേത് ഇസ്ലാമിൽ നിന്ന് തന്നെ പുറത്തു പോകാൻ കാരണമായേക്കാവുന്ന കുഫ്റാണ്.

തക്ഫീറിലുണ്ടാകുന്ന (മറ്റുള്ളവരെ കാഫിറാക്കൽ) അതിരുകവിച്ചിൽ ഗുരുതരമായ തെറ്റാണെന്നത് ശരി തന്നെ. പക്ഷേ, അനിവാര്യമായും ഉണ്ടായിരിക്കേണ്ട തക്ഫീറിൽ നിന്ന് അകന്നു നിൽക്കുന്നതാകട്ടെ, കുഫ്റും ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമായേക്കാവുന്ന നവാഖിദുൽ ഇസ്ലാമുകളിൽ ഒന്നുമാണ്. തക്ഫീറിന്റെ അപകടത്തെയും മറ്റു താക്കീത് ചെയ്യാനും, അതിൽ ചിലർക്കെല്ലാം അതിരു കവിഞ്ഞിട്ടുണ്ടെന്നും ആക്ഷേപിക്കാൻ കാണിക്കുന്ന ധൃതി കാഫിറുകളെ സഹോദരങ്ങളേ എന്നും, ബഹുമാന്യരേ എന്നുമെല്ലാം വിശേഷിപ്പിച്ച് ‘ഇവരെയൊക്കെ എങ്ങനെ കാഫിറെന്നു വിളിക്കും?’ എന്ന സ്ഥിതിയിലേക്ക് ജനങ്ങളെ എത്തിക്കുന്ന ചില പ്രാസംഗികരെ എതിർക്കുന്നതിൽ കാണുന്നില്ല.

ഒന്നാമത്തേത് തിന്മയാണ് –ഹറാമും ബിദ്ത്തുമാണ്–. എന്നാൽ, രണ്ടാമത്തേത് ചിലപ്പോൾ കുഫ്റിലേക്കുള്ള മാർഗമോ, കുഫ്റോ തന്നെയാണ്.

വലാഉം ബറാഉം ഇത് പോലെ തന്നെ. അതിൽ അതിരു കവിയുന്ന ചിലരുണ്ടെന്നതിൽ സംശയമില്ല. അത് തിരുത്തേണ്ടത് തന്നെയാണെന്നതിലും രണ്ട് പക്ഷമില്ല. എന്നാൽ, വലാഇലും ബറാഇലും അങ്ങേയറ്റം അലസത കാണിക്കുകയും, 'എന്റെ മകൾ സുമയ്യയും, എന്റെ അയൽവാസിയുടെ മകൻ ബാലനും കൈപിടിച്ചു നടക്കുന്നത് കാണുമ്പോൾ ഞാൻ സന്തോഷിക്കുന്നു' എന്ന് വരെ സ്റ്റേജിൽ വിളിച്ചു പറഞ്ഞ് കാഫിറുകളോടുള്ള ഖൽബിൽ മുട്ടിയ സ്നേഹം പുറത്തേക്കെടുക്കുന്ന അമ്പലപ്രഭാഷകരെ തിരുത്താൻ എന്തേ അബ്ദു റഹ്മാന് കഴിയാതെ പോകുന്നു?

ആദ്യം പറഞ്ഞത് കുഫ്റിനോടുള്ള ദേഷ്യത്തിലുള്ള അതിരു കവിച്ചിലാണെങ്കിൽ, രണ്ടാമത് പറഞ്ഞത് കുഫ്റിനോടുള്ള സ്നേഹവും ഇഷ്ടവും പ്രകടിപ്പിക്കലാണ്. ഏതാണ് കുഫ്റിനോട് കൂടുതൽ അടുത്തു നിൽക്കുന്നത്?! സ്നേഹമോ ദേഷ്യമോ?! ഏതാണ് കൂടുതൽ അപകടപകരം?! കുഫ്റിനോടുള്ള അടുപ്പമോ അകൽച്ചയോ?!

തിന്മകളെ തിരുത്തുന്ന സന്ദർഭത്തിൽ അതിൽ ഏറ്റവും ഗുരുതരമായതിനെ തിരുത്തുന്നതിലാണ് ആദ്യം ശ്രദ്ധ പുലർത്തുകയും, അതിനാണ് കൂടുതൽ ഗൗരവം നൽകുകയും ചെയ്യേണ്ടത്. മുആദ്-ﷺ-വിനെ നബി -ﷺ- യമനിലേക്ക് പറഞ്ഞയച്ചപ്പോൾ ആദ്യം തൗഹീദാണ് പഠിപ്പിച്ചു നൽകാൻ പറഞ്ഞത്. ശേഷം മാത്രമാണ് നിസ്കാരത്തെ കുറിച്ച് ഓർമ്മപ്പെടുത്തിയത്. ശിർക്കും നിസ്കാരം ഒഴിവാക്കലും തിന്മകൾ തന്നെയാണ്. പക്ഷേ, ഏറ്റവും ഗൗരവമുള്ളത് ശിർക്കായതിനാൽ നബി -ﷺ- ആദ്യം തിരുത്താൻ കൽപ്പിച്ചത് അതിനെയാണ്.

ചുരുക്കത്തിൽ, മേൽ പറഞ്ഞ വിലയിരുത്തൽ –അബ്ദു റഹ്മാൻ മിണ്ടേണ്ട പലതിനെയും കുറിച്ച് മിണ്ടാതിരിക്കുന്നുണ്ട് എന്ന വിലയിരുത്തൽ– അതിലേക്ക് എന്നെ നയിച്ച ചില കാര

ണങ്ങളാണ് മേലെ നൽകിയത്. അത് ഇനിയെങ്കിലും തിരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

വലാഇനെയും ബറാഇനെയും കുറിച്ച് അബ്ദു റഹ്മാൻ എഴുതിയ ലേഖനം ആരംഭിക്കുന്നത് ഇങ്ങനെയാണ്: 'വലാഉം ബറാഉം ഏറെ തെറ്റിദ്ധരിക്കപ്പെട്ട പദങ്ങളാണ്.'

ഈ പറഞ്ഞത് ശരി തന്നെ. വലാഉം ബറാഉമെന്ന് കേൾക്കുമ്പോഴേക്ക് ഇതെന്തോ തീവ്രവാദികൾക്ക് മാത്രം റിസർവ് ചെയ്ത വാക്കാണെന്ന് തെറ്റിദ്ധരിക്കുന്ന വലിയൊരു സമൂഹം നിലനിൽക്കുന്നുണ്ട്. വലാഇലും ബറാഇലും സംഭവിക്കുന്ന അബദ്ധങ്ങളെയെല്ലാം കുഫ്റും ഇസ്ലാമിൽ നിന്നുള്ള രിദ്ദതും (മതഭ്രഷ്ട്) ആയി കാണുന്ന മറ്റൊരു വിഭാഗവും നിലനിൽക്കുന്നുണ്ട്.

പക്ഷേ, ഏറെ തെറ്റിദ്ധരിക്കപ്പെടാൻ മാത്രം ഈ പദം വല്ലാതെയൊന്നും കേട്ടിട്ടില്ലാത്ത ചിലരും നമുക്കിടയിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന സത്യം അബ്ദു റഹ്മാൻ അറിയുന്നത് നന്നായിരിക്കും. അബ്ദു റഹ്മാൻ ചേർന്നു നിൽക്കുന്ന സംഘടനയുടെ വക്താക്കളിൽ പ്രമുഖനായ ഹുസൈൻ സലഫി ഈയടുത്ത് ഒരു പ്രഭാഷണത്തിൽ പറഞ്ഞത്: 'വലാഉം ബറാഉമെന്നത് ചില രോഗമുള്ളവർ മാത്രം കേട്ടിട്ടുള്ള പദമാണെന്നാണ്.'

'വലാഉം ബറാഉം' എന്ന വിഷയം ചർച്ച ചെയ്യുന്നതിൽ ഇവിടെയും മുജാഹിദ് സംഘടനകളുടെ വിമുഖത ആർക്കും ബോധ്യമാകുന്നതാണ്. മുപ്പത് ദിവസം നീണ്ടു നിൽക്കുന്ന റമദാൻ ക്ലാസുകളിൽ വിഷയങ്ങളെല്ലാം തീർന്നാൽ പോലും ഇത്തരം വിഷയങ്ങൾ സംഘടനക്കാർ തങ്ങളുടെ മസ്ജിദുകളിൽ ഉൾപ്പെടുത്തില്ല. കാഫിറുകളെ വെറുക്കണം എന്ന് നാവ് തുറന്ന് അബ്ദു റഹ്മാൻ പോലും തന്റെ ലേഖനത്തിൽ പറഞ്ഞിട്ടില്ല.

മാത്രമല്ല, തരം കിട്ടുമ്പോഴെല്ലാം കാഫിറുകളെ സഹോദരങ്ങളെന്നും, ബഹുമാന്യരെന്നും പുകഴ്ത്തിപ്പറയുകയും ആദരിക്കു

കയും ചെയ്യാറുമുണ്ട്. എന്തിനധികം കുഫ്റിന്റെ നേതാക്കന്മാരായ സ്വാമിമാരെയും ഫാദർമാരെയും മുജദ്ദിദുകൾ എന്നു വിളിക്കുന്ന പ്രഭാഷകർ വരെ വിസ്ഡം കൂട്ടത്തിലുണ്ട്. ഒരിക്കൽ നിങ്ങളുടെ സമ്മേളന വേദിയിൽ പ്രസംഗിച്ചു കൊണ്ടിരുന്ന ഒരു പ്രഭാഷകൻ ശ്രോതാക്കളോട് പറഞ്ഞത് 'അയ്യപ്പഭക്തന്മാരായ നമ്മുടെ സഹോദരങ്ങൾക്ക് നിങ്ങൾ വഴിതടസ്സമുണ്ടാക്കാതെ നോക്കണമെ'ന്നാണ്. ഇതിനെല്ലാം ഖുർആനിലും സുന്നത്തിലും അബ്ദു റഹ്മാൻ വല്ല തെളിവും കണ്ടിട്ടുണ്ടോ?

അഖീദയിൽ സംഭവിക്കുന്ന ഈ മഹാ അബദ്ധങ്ങൾക്കെതിരെ അബ്ദു റഹ്മാന്റെ പേന ചലിക്കുന്നേയില്ല. മാത്രമല്ല, ഇത്തരം അബദ്ധങ്ങളിൽ വിഹരിക്കുന്ന പലരോടുമൊപ്പം സ്റ്റേജ് പങ്കിടുകയും, അവരുടെ എഴുത്തുകളും പ്രസംഗങ്ങളും ഷെയറും ലൈക്കും ചെയ്ത് പ്രോത്സാഹിപ്പിക്കുകയുമാണ് അബ്ദു റഹ്മാൻ ചെയ്തു കൊണ്ടിരിക്കുന്നത്.

അതു കൊണ്ട് തന്നെയാണ് 'വലാഇനെയും ബറാഇനെയും' കുറിച്ച് അബ്ദു റഹ്മാന്റെ പേന ചലിച്ചെന്നു കണ്ടപ്പോൾ ഈ ലേഖനമൊന്നു വായിച്ചു നോക്കിയത്.

വലാഉം ബറാഉം വിശദീകരിച്ചു കൊണ്ടെന്നോണം അബ്ദു റഹ്മാൻ എഴുതിയ വാക്കുകൾ ശ്രദ്ധിക്കുക. ''മതപരമായ തന്റെ വിശ്വാസങ്ങൾ ഇതര മതവിശ്വാസികളുടേതുമായി കൂടിക്കലരാതെ സംരക്ഷിക്കത്തക്കവണ്ണം വിശ്വാസപരമായ അടുപ്പവും അകൽച്ചയും അവൻ കാത്തു സൂക്ഷിക്കും. ഇതാണ് ലളിതമായിപ്പറഞ്ഞാൽ 'വലാഉം ബറാഉം'. അഥവാ, അടുപ്പവും അകൽച്ചയും.''

ഓരോരുത്തരുടെയും മതപരമായ വിശ്വാസങ്ങൾ കൂടിക്കലരില്ലെന്ന ഉറപ്പു ലഭിക്കുന്നത് വരെയുള്ള അകൽച്ചയിൽ നിൽക്കൽ മാത്രമാണ് 'ബറാഅതെ'ന്നാണ് ഇത് വായിച്ചാൽ തോന്നുക. ഉദാഹരണത്തിന് ഏതെങ്കിലും അന്യ നാട്ടി താമസിക്കുന്ന –വല്ല അമേരിക്കയിലോ, ഉഗാണ്ടയിലോ മറ്റോ ഉള്ള–

കാഫിറിന്റെ കാര്യത്തിലാണെങ്കിൽ നമുക്ക് പ്രത്യേകിച്ച് വെറുപ്പും ദേഷ്യവുമൊന്നും അവരോടില്ല. കാരണം അവരുടെ വിശ്വാസവും മറ്റുമൊന്നും എന്തായാലും നമ്മോട് കൂടിക്കലരുകയില്ലെന്ന് ഉറപ്പാണല്ലോ?!

യഥാർഥത്തിൽ വലാഅ് എന്ന് പറഞ്ഞാൽ മുസ്ലിംകളോടുള്ള സ്നേഹവും അടുപ്പവും, ബറാഅതെന്ന് പറഞ്ഞാൽ കാഫിറുകളോടുള്ള വെറുപ്പുമാണ്. ഈ പറഞ്ഞ കാര്യം മനസ്സിലാകുന്ന ഭാഷയിൽ അബ്ദു റഹ്മാൻ ഒരിക്കലും തന്റെ ലേഖനത്തിൽ എഴുതിയതായി കാണുന്നില്ല.

അബ്ദു റഹ്മാൻ വലാഉം ബറാഉം നിർവചിച്ചു കൊണ്ടെന്നോണമെഴുതിയ വാക്കുകളും, സലഫി പണ്ഡിതന്മാരുടെ വാക്കുകളും ഒരുമിച്ചു വായിച്ചാൽ അബ്ദു റഹ്മാന്റെ അത്ര ലളിതമായിട്ടല്ല സലഫി പണ്ഡിതന്മാർ വലാഇനെയും ബറാഇനെയും വിശദീകരിച്ചിരിക്കുന്നത് എന്ന് വേഗം മനസ്സിലാകും. ചില നിർവ്വചനങ്ങൾ താഴെ നൽകാം.

قَالَ الشَّيْخُ عَبْدُ اللَّطِيفِ بْنُ عَبْدِ الرَّحْمَنِ آلُ الشَّيْخِ: «**أَصْلُ المُوَالَاةِ: الحُبُّ، وَأَصْلُ المُعَادَاةِ: البُغْضُ**»

ശൈഖ് അബ്ദു ലതീഫ് ബ്നു അബ്ദി റഹ്മാൻ പറയുന്നു: ''വലാഇന്റെ അടിസ്ഥാനം സ്നേഹമാണ്. ബറാഅതിന്റെ അടിസ്ഥാനം **വെറുപ്പും**.'' (ദുററുസ്സനിയ്യ: 2/157)

قَالَ الشَّيْخُ ابْنُ بَازٍ: «**الوَلَاءُ وَالبَرَاءُ مَعْنَاهُ مَحَبَّةُ المُؤْمِنِينَ وَمُوَالَاتُهُمْ وَبُغْضُ الكَافِرِينَ وَمُعَادَاتُهُمْ وَالبَرَاءَةُ مِنْهُمْ وَمِنْ دِينِهِمْ هَذَا هُوَ الوَلَاءُ وَالبَرَاءُ**»

ശൈഖ് ഇബ്നു ബാസ് – : – പറഞ്ഞു: ''വലാഅ് എന്നാൽ മുഅ്മിനീങ്ങളെ സ്നേഹിക്കലും അവരോട് അടുപ്പം കാണിക്കലുമാണ്. ബറാഅ് എന്നാൽ കാഫിറീങ്ങളെ **വെറുക്കലും**

**അവരോട് ശത്രുത വെച്ചു പുലർത്തലും, അവരിൽ നിന്നും അവരുടെ മതത്തിൽ നിന്നും ബന്ധവിഛേദനം നടത്തലു മാണ്.** ഇതാണ് വലാഉം ബറാഉം.'' (മജ്മൂഉ ഫതാവ ഇബ്നി ബാസ്: 5/246)

قَالَ الشَّيْخُ صَالِحُ الفَوْزَانُ: «الوَلَاءُ: هُوَ مَحَبَّةُ المُؤْمِنِينَ وَمُنَاصَرَتُهُمْ وَمُعَاوَنَتُهُمْ وَتَوَلِّي شُؤُونِهِمْ، وَالبَرَاءُ: هُوَ البَرَاءَةُ مِنَ المُشْرِكِينَ وَالكُفَّارِ وَالبُعْدُ عَنْهُمْ، وَذَلِكَ بِبُغْضِهِمْ وَعَدَاوَتِهِمْ»

ശൈഖ് സ്വാലിഹ് അൽ-ഫൗസാൻ പറഞ്ഞു: ''വലാഅ് എന്നാൽ മുഅ്മിനീങ്ങളെ സ്നേഹിക്കലും അവരെ സഹായിക്കലും അവരോട് സഹകരിക്കലും, അവരുടെ കാര്യങ്ങൾ ഏറ്റെടുക്കലുമെല്ലാമാണ്. ബറാഅതെന്നാൽ മുശ്രിക്കുകളിൽ നിന്നും, കാഫിറുകളിൽ നിന്നും അകന്നു നിൽക്കലും, അവരിൽ നിന്ന് ബന്ധവിഛേദനം നടത്തലുമാണ്. **അവരെ വെറുത്തും, അവരോട് ശത്രുത വെച്ചുമാണത് വേണ്ടത്.**'' (ശർഹു രിസാലതുദ്ദലാഇൽ: 17)

സഊദിയിലെ കുറച്ചധികം പണ്ഡിതന്മാർ അഖീദയുടെ വിഷയത്തിൽ എഴുതിയ 'ഉസ്വൂലുൽ ഈമാൻ' എന്ന ഗ്രന്ഥത്തിൽ ബറാഅത്തിനെ വിശദീകരിച്ചു കൊണ്ടു പറയുന്നു:

«وَالمُرَادُ بِالوَلَاءِ القُرْبُ مِنَ المُسْلِمِينَ بِمَوَدَّتِهِمْ وَإِعَانَتِهِمْ وَمُنَاصَرَتِهِمْ عَلَى أَعْدَائِهِمْ وَالسُّكْنَى مَعَهُمْ، وَالمُرَادُ بِالبَرَاءَةِ قَطْعُ الصِّلَةِ مَعَ الكُفَّارِ فَلَا يُحِبُّهُمْ وَلَا يُنَاصِرُهُمْ وَلَا يُقِيمُ فِي دِيَارِهِمْ إِلَّا لِضَرُورَةٍ»

''വലാഅ് എന്നാൽ മുസ്ലിംകളെ സ്നേഹിച്ചു കൊണ്ടും, അവരെ സഹായിച്ചു കൊണ്ടും, അവരുടെ ശത്രുക്കൾക്കെതിരെ പ്രതിരോധം തീർത്തു കൊണ്ടും, അവരോടൊപ്പം താമസിച്ചും

അവരോട് അടുക്കലാണ്. ബറാഅതെന്നാൽ കാഫിറുകളുമായി **ബന്ധം വിഛേദിക്കലും, അവരെ സ്നേഹിക്കുകയോ സഹായിക്കുകയോ അനിവാര്യ സാഹചര്യത്തിലല്ലാതെ അവരുടെ നാടുകളിൽ താമസിക്കാതിരിക്കുകയോ** ചെയ്യലാണ്.'' (പേജ്: 265)

മേലെ കൊടുത്ത നിർവ്വചനങ്ങളും അബ്ദു റഹ്മാന്റെ നിർവ്വചനവും വായിച്ചാൽ 'അത്ര ലളിതമൊന്നുമല്ല' കാര്യമെന്ന് വായനക്കാർക്ക് മനസ്സിലാകും. അബ്ദു റഹ്മാൻ ഒരിക്കലും കാഫിറുകളെ വെറുക്കണമെന്ന് ഈ ലേഖനത്തിലെവിടെയും പറഞ്ഞിട്ടില്ല. മാത്രമല്ല, ചിലയിടത്തെല്ലാം സൂചനയുള്ളത് അങ്ങനെയെങ്ങാനും ആരെങ്കിലും വെറുത്തു കഴിഞ്ഞാൽ അത് അസഹിഷ്ണുതയും ഇസ്ലാമിന് വിരുദ്ധവുമാണെന്നാണ്.

വിസ്ഡം പാളയത്തിൽ പെട്ട സിറാജുൽ ഇസ്ലാം ബാലുശ്ശേരിയും പ്രസംഗത്തിൽ ആവർത്തിച്ചു പറഞ്ഞു കൊണ്ടിരുന്നത് അതാണല്ലോ? 'അമുസ്ലിംകളെ അന്യായമായി വെറുക്കാൻ ഇസ്ലാം പഠിപ്പിക്കുന്നില്ല'യെന്ന് അയാൾ പറഞ്ഞത് വ്യത്യസ്തമായ രൂപത്തിൽ അബ്ദു റഹ്മാൻ പറഞ്ഞെന്നു മാത്രം.

കാഫിറുകളെ അവർ കാഫിറുകളായി എന്നത് കാരണത്താൽ വെറുക്കുകയും, മുസ്ലിംകളെ അവർ മുസ്ലിംകളാണെന്ന കാരണത്താൽ സ്നേഹിക്കുകയും ചെയ്യണമെന്നത് ഇവർ ഒരിക്കലും പറയില്ല. മാത്രമല്ല, കാഫിറുകളെ സ്റ്റേജിൽ കയറ്റി ആദരിക്കുകയും, ബഹുമാന്യനായ ശ്രീ ഗോപാലനെന്നും ജോസഫെന്നും വിളിക്കുന്ന ഇവർ സഹോദരങ്ങളായ മുസ്ലിംകളെ അതേ സ്റ്റേജിൽ തന്നെ കേട്ടാലറക്കുന്ന ആരോപണങ്ങൾ കൊണ്ട് പൊതിയുകയും ചെയ്യും. ഈ 'തലതിരിഞ്ഞ' വലാഅ് ബറാഇനെ അബ്ദു റഹ്മാൻ ആക്ഷേപിച്ചിട്ടില്ലെങ്കിലും സലഫി പണ്ഡിതന്മാർ ആക്ഷേപിച്ചിട്ടുണ്ട്.

ശൈഖ് ഇബ്നു ഉസൈമീൻ – : – പറഞ്ഞു: ''ചിലർ തിന്മ

കൾ ചെയ്ത മുസ്ലിമിനെ കാഫിറിനെക്കാൾ കൂടുതൽ വെറുക്കും. ഇത് വളരെ അത്ഭുതമുള്ള കാര്യമാണ്. കാര്യങ്ങളെ കീഴ്മേൽ മറിക്കലാണിത്. കാഫിർ അല്ലാഹുവിന്റെയും റസൂലിന്റെയും മുസ്ലിമീങ്ങളുടെയും ശത്രുവാണ്. അവനെ ഹൃദയം കൊണ്ട് പൂർണമായി വെറുക്കുക എന്നത് നമ്മുടെ മേൽ നിർബന്ധമാണ്.'' (മജ്മൂഅ്: 3/12)

കാഫിറിനെ വെറുക്കുന്നതിനെക്കാൾ മുസ്ലിമിനെ വെറുക്കുന്നതിലാണ് ശൈഖിനത്ഭുതം; പക്ഷേ, നമ്മുടെ അത്ഭുതം കാഫിറിനെ ബഹുമാന്യനെന്നും ശ്രീയെന്നും ആദരണീയനെന്നുമൊക്കെ വിളിക്കുന്ന, കാഫിറിന്റെ വാക്കുകൾ ചെവിയും കണ്ണുമെല്ലാം പൂർണമായി നൽകി, ഖുർആൻ കേൾക്കുന്നത് പോലെ മുന്നോട്ടൊന്ന് കുനിഞ്ഞിരുന്ന്. കാഫിറെന്തെങ്കിലും ചളിഞ്ഞ തമാശ പറഞ്ഞാൽ പല്ലു മുപ്പത്തിരണ്ടും പുറത്തു കാട്ടി ചിരിക്കുന്ന, ഇൻസൈഡ് ചെയ്ത ഷർട്ടും പാന്റും ധരിച്ച പ്രൊഫഷണൽ ദാഇമാരെ കാണുമ്പോഴാണ്. പള്ളി മൂലക്കലിരുന്ന്, ജുബ്ബയും പൈജാമയും ധരിച്ച്, ഖുർആൻ ഓതിയോ, ഹദീഥ് വായിച്ചോ മാറിയിരിക്കുന്ന, അങ്ങാടിയിലേക്കൊന്നും അധികമിറങ്ങാത്ത, താടി നീട്ടിയ, തൊപ്പി ധരിച്ച സഹോദരനെ കണ്ടാലവന് പുച്ഛം! ഇവനവൻ പിന്തിരിപ്പനാണത്രെ!

ഈ അസുഖം നിങ്ങൾക്ക് ലഭിച്ചത് നിങ്ങളെ ചൂഴ്ന്നു നിൽക്കുന്ന 'ഹിസ്ബിയ്യത്' (കക്ഷിത്വം) എന്ന അസുഖത്തിൽ നിന്നാണ്. സ്വന്തം കക്ഷിയോട് ചേർന്നു നിൽക്കുന്നവൻ –കാഫിറാണെങ്കിലും– അവൻ നിങ്ങൾക്ക് പ്രിയങ്കരനാണ്. സ്വന്തം കക്ഷിയെ എതിർക്കുന്നവൻ –അഞ്ചു നേരം നിസ്കരിക്കുന്ന, അല്ലാഹുവിനെ ഭയക്കുന്ന മുഅ്മിനാണെങ്കിലും– നിങ്ങൾക്കവൻ സ്വീകാര്യനാവില്ല.

ശൈഖ് അഹ്മദ് അന്നജ്മി – : – 'ഹിസ്ബിയ്യതിന്റെ' അപകടങ്ങൾ വിശദീകരിക്കവെ ഇപ്രകാരം പറഞ്ഞു: ''കക്ഷികളിലേക്കും കക്ഷിത്വങ്ങളിലേക്കും ചേർന്നു നിൽക്കുന്നവർ വ

ലാഇനും ബറാഇനുമുള്ള (സ്നേഹത്തിനും വെറുപ്പിനുമുള്ള) മാനദണ്ഡമാക്കി നിശ്ചയിക്കുന്നത് തങ്ങളുടെ കക്ഷിയെയാണ്. ഇത് അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുസരണക്കേടും, ധിക്കാരവുമാണ്. കാരണം അല്ലാഹു –ത– വലാഅ് ബറാഇനുള്ള മാനദണ്ഡമാക്കി നിശ്ചയിച്ചിരിക്കുന്നത് ഈമാനിനെയാണ്.'' (അൽ–മൗരിദുൽ അസ്ബ്: 107)

ശൈഖ് നജ്മി ഇത് പറഞ്ഞത് മുസ്ലിംകൾക്കിടയിൽ വേർതിരിവുണ്ടാക്കുന്നതിനെ കുറിച്ചാണ്. മുസ്ലിംകൾ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും സ്നേഹിക്കുന്നതിലും വെറുക്കുന്നതിലും തങ്ങളുടെ കക്ഷികളെ മാനദണ്ഡമാക്കുന്നതിനെയാണ് അദ്ദേഹം എതിർത്തത്. എന്നാൽ ഇന്നിവിടെ സംഭവിച്ചു കൊണ്ടിരിക്കുന്നതോ?! കാഫിറുകളെ വരെ ബഹുമാനിക്കാനും ആദരിക്കാനും കഴിയുന്ന തരത്തിലേക്ക് സംഘടനകൾ തരം താഴ്ന്നിരിക്കുന്നു.

ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

കാഫിറിനെ വെറുക്കുവാൻ കഴിയാത്ത, അവനെ കണ്ടാൽ ബഹുമാനവും ആദരവും തികട്ടി വരുന്ന, മുസ്ലിമിനെ വെറുക്കാനും പുഛിക്കാനും കഴിയുന്ന മനസ്സുള്ള ആരുണ്ടെങ്കിലും അവരോടായി പറയട്ടെ: അവനവന്റെ ഹൃദയത്തിന്റെ ഏറ്റവും താഴേ നെല്ലിപ്പടിയിൽ പോയി ഈമാനിന്റെ അരിമണിയെങ്കിലുമിനി ബാക്കിയുണ്ടോ എന്ന് തപ്പി നോക്കട്ടെ!

വലാഇനെയും ബറാഇനെയും 'ലളിതമായി' നിർവചിക്കുന്നുവെന്നോണം എഴുതിയ ഈ രണ്ടു വരികളിൽ മാത്രമല്ല അബ്ദു റഹ്മാൻ തന്റെ അബദ്ധങ്ങൾ ഒതുക്കിയിട്ടുള്ളത്. ഇസ്ലാമിലെ പ്രധാന വിധികളിൽ ഒന്നായ, കാഫിറുകളോട് അവരുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും എതിരാവുകയെന്ന തത്വത്തെയും അദ്ദേഹം തന്റെ എഴുത്തിൽ തകിടം മറിച്ചിട്ടുണ്ട്.

അബ്ദു റഹ്മാൻ പറയുന്നു: ''ഇതര മത ആചാരങ്ങളിൽ നിന്നും, അനുഷ്ഠാനങ്ങളിൽ നിന്നും, എന്തിനധികം വസ്ത്രധാരണത്തിൽ പോലും ഒരു മുസ്ലിം വ്യതിരിക്തത പുലർത്തുന്നു. അത് ഇതരമതസ്ഥരോടുള്ള അസഹിഷ്ണുത കൊണ്ടല്ല.'

കുറച്ചു താഴെ അബ്ദു റഹ്മാൻ പറയുന്നു: ''ഒരു മുസ്ലിമിന് ഇത്തരം ആഘോഷങ്ങളോ ആചാരങ്ങളോ അവന്റെ വിശ്വാസം അനുവദിക്കാത്തതിനാലാണ് അവൻ അതിൽ നിന്നും വിട്ടു നിൽക്കുന്നത്. ആരോടെങ്കിലും അസഹിഷ്ണുത ഉള്ളത് കൊണ്ടല്ല.''

കാഫിറുകളോടുള്ള അസിഹ്ഷ്ണുത കൊണ്ടല്ല ഒരു മുസ്ലിം അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് എതിരാകുന്നതെങ്കിൽ പിന്നെന്തു കൊണ്ടാണെന്ന് അബ്ദു റഹ്മാൻ തന്നെ പറയട്ടെ. കാഫിർ കുറി തൊട്ടിരിക്കുന്നു, അല്ലെങ്കിൽ അവൻ കാവി വസ്ത്രം ധരിച്ചിരിക്കുന്നു; വിശ്വാസപരമായ തനിച്ച നജിസ് (മാലിന്യം) പേറുന്ന കാഫിറിന്റെ അതേ കോലം മുസ്ലിമായ എന്റെ ശരീരത്തിൽ ഉണ്ടാകാൻ പാടില്ലെന്നതല്ലാതെ പിന്നെന്താണ് ഇതിന് പിന്നിലുള്ള ഉദ്ദേശം?

ഇനി അസഹിഷ്ണുത എന്ന പദത്തിന്റെ അർഥം എനിക്ക് മനസ്സിലാകാത്തത് കൊണ്ടാണോ എന്ന് അറിയാൻ വേണ്ടി ഇതിന്റെ അർഥവുമൊന്ന് തപ്പി നോക്കി. ഇംഗ്ലീഷിൽ 'ഇൻടോലറൻസ്' എന്ന് വിവർത്തനം ചെയ്യപ്പെടാറുള്ള ഈ വാക്കിന്റെ വിശദീകരണമായി ചില ഇംഗ്ലീഷ് ഡിക്ഷണറികളിൽ കൊടുത്തിട്ടുള്ളതിന്റെ ചുരുക്കം ഇതൊക്കെയാണ്: 'നിങ്ങളുടേതല്ലാത്ത വിശ്വാസങ്ങളോ, സ്വഭാവരീതികളോ അംഗീകരിക്കാൻ കഴിയാതെ വരുക, മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും ബഹുമാനിക്കാൻ സാധിക്കാതിരിക്കുക'.

അപ്പോൾ ഒരു മുസ്ലിമിന് കുഫ്റിനോട് സഹിഷ്ണുതയുണ്ടെന്ന് പറഞ്ഞാൽ അതിന്റെയർഥം അവന് കുഫ്റിനോട് ബഹുമാനവും, അതിനെ അംഗീകരിക്കാനുള്ള മനസ്സുമുണ്ടെന്നാ

ണോ?! ഇതെപ്പോഴാണ് 'ലളിതമായ' വലാഉം ബറാഉമായത്?!

'അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നവരായി നിങ്ങൾ മാറുന്നത് വരെ നമുക്കും നിങ്ങൾക്കുമിടയിൽ ശത്രുതയും വെറുപ്പും ഉടലെടുത്തിരിക്കുന്നുവെന്നു' പറഞ്ഞ ഇബ്രാഹീം നബി – ÷ – യാണ് ഈ വാദപ്രകാരം ഏറ്റവും വലിയ അസഹിഷ്ണുതാവാദി. 'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻ റസൂലുല്ലാഹ് എന്ന് സാക്ഷ്യം വഹിക്കുകയും, നിസ്കരിക്കുകയും, സകാത് കൊടുക്കുകയും ചെയ്യുന്നത് വരെ ജനങ്ങളോട് യുദ്ധം ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു'വെന്ന് പ്രഖ്യാപിച്ച മുഹമ്മദ് നബി –ﷺ– യും ഈ വാദപ്രകാരം അസഹിഷ്ണുതയുടെ വക്താവ് തന്നെ.

'സഹിഷ്ണുത, അസഹിഷ്ണുത' എന്നീ പദങ്ങളിൽ അബ്ദു റഹ്മാൻ വല്ലാതെ കടിച്ചു തൂങ്ങുന്നുണ്ട്. മലയാളത്തിൽ വെറുപ്പ്, സ്നേഹം, ദേഷ്യം, ഇഷ്ടം എന്നിങ്ങനെ ഏവർക്കും മനസ്സിലാക്കുന്ന പദങ്ങൾ ഏറെയുള്ളപ്പോൾ പല അർഥസാധ്യതകൾ ഒരാളുടെ മനസ്സിലേക്ക് കടന്നു വരാൻ കാരണമാകുന്ന ഈ പദം എന്തിനെടുത്തുവെന്ന് മനസ്സിലാകുന്നില്ല.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ – : – പറഞ്ഞതു പോലെ: "അവ്യക്തമായ വാക്കുകൾ കൊണ്ട് സംസാരിക്കുക എന്നത് ബിദ്അത്തുകാരുടെ പൊതുസ്വഭാവമാണ്. രണ്ട് അർഥങ്ങളുള്ള വാക്കുകളായിരിക്കും അവ. അറിവില്ലാത്ത ജനങ്ങളെ ഇത്തരം വാക്കുകൾ കൊണ്ടായിരിക്കും അവർ വഞ്ചിക്കുക." (സ്വവാഇഖുൽ മുർസല: 3/925)

സഹിഷ്ണുതയെന്ന വാക്കിന്റെ അർഥത്തിൽ പിടിച്ചു തൂങ്ങി കൂടുതൽ ചോദിക്കാനോ, അതിന് മറുപടി എഴുതാനോ ഞാൻ ഉദ്ദേശിക്കുന്നില്ല. ആ പദം കൊണ്ട് ഈ പറഞ്ഞതൊന്നുമല്ല താങ്കൾ ഉദ്ദേശിച്ചതെങ്കിൽ; –തെളിച്ചെഴുതുക– എന്താണ് കുഫ്

റിനോടും കാഫിറിനോടുമുണ്ടാകേണ്ട സഹിഷ്ണുത?

അല്ലെങ്കിൽ വേണ്ട! അസഹിഷ്ണുതയെന്ന വാക്ക് നമുക്കൊഴിവാക്കാം. വെറുപ്പ് എന്നു പറഞ്ഞാൽ ശരിയാകുമോ? കാഫിറിനോടുള്ള വെറുപ്പ് കൊണ്ടാണ് ഒരാൾ അവന്റെ ആചാരാനുഷ്ഠാനങ്ങളെ ഒഴിവാക്കുന്നതും, അവയോട് സാദൃശ്യപ്പെടാത്തതും എന്ന് പറഞ്ഞാൽ ശരിയാകുമോ?

ചുരുക്കത്തിൽ, കാഫിറുകളുടെ ആചാരാനുഷ്ഠാന രൂപങ്ങൾ മുസ്ലിംകൾ പിന്തുടരാതിരിക്കുന്നതിന്റെ പിന്നിലെ കാരണങ്ങളിലൊന്ന് അവരോടുള്ള വെറുപ്പ് തന്നെയാണ്. ഇത് പണ്ഡിതന്മാരും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ - : - പറഞ്ഞു: ''മുസ്ലിംകൾ കാഫിറുകളുടെ പ്രകടമായ രൂപങ്ങളിൽ അവരോട് എതിരാകുന്നത് അവരും നമ്മളും തമ്മിൽ അകൽച്ചയും വേർപ്പെടലും സൃഷ്ടിക്കും. അതാകട്ടെ, അല്ലാഹുവിന്റെ കോപവും അവന്റെ ദീനിൽ നിന്നുള്ള വഴിപിഴവും ഉണ്ടാകുന്നതിൽ നിന്ന് നമ്മെ അകറ്റുകയും, അല്ലാഹുവിന്റെ തൃപ്തിയും, അവന്റെ സന്മാർഗവും ലഭിച്ചവരോട് ചേർന്നിരിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യും. മാത്രമല്ല, അല്ലാഹു - - - നിഷിദ്ധമാക്കിയ അവന്റെ ശത്രുക്കളോടുള്ള സ്നേഹബന്ധം ഉണ്ടാകുന്നതിൽ നിന്നത് നമ്മെ തടയുകയും ചെയ്യും.'' (ഇഖ്തിദാ: 1/93)

ശൈഖുൽ ഇസ്ലാം പറഞ്ഞതിന്റെ ഒരെകദേശ ചുരുക്കം ഇതാണ്: അവരോട് പ്രകടമായ വേഷങ്ങളിലും സ്വഭാവത്തിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമെല്ലാം എതിരായാൽ അവരെ നമുക്ക് വെറുക്കാനും, അവരോട് ദേഷ്യമുണ്ടാകാനും അത് കാരണമാകും.

ഈ പറഞ്ഞത് അബ്ദു റഹ്മാൻ അംഗീകരിക്കുന്നുണ്ടോ?

എന്തായാലും, പറഞ്ഞു കൊണ്ടിരുന്ന വിഷയത്തിലേക്ക് തിരിച്ചു വരാം. കാഫിറുകളുടെ ആചാരാനുഷ്ഠാനങ്ങളെ ഒരു മുസ്ലിമിന് ഒരിക്കലും മനസ്സിൽ അംഗീകരിക്കാൻ കഴിയില്ല എന്നത് കൊണ്ട് തന്നെയാണ് അവൻ അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും, എന്തിനധികം വസ്ത്രധാരണ രീതികളിൽ നിന്നും വരെ അകന്നു നിൽക്കുന്നത്.

സ്വവർഗലൈംഗികതയിൽ ഏർപ്പെടുകയോ, വ്യഭിചാരവും വൃത്തികേടുകളുമായി നടക്കുകയോ ചെയ്യുന്ന ഒരു വിഭാഗം പൊതുവായി ഒരു വസ്ത്രം ധരിക്കുന്നുണ്ടെന്ന് വിചാരിക്കുക. അവരുടെ ആ വസ്ത്രം മാന്യതയും ബുദ്ധിയുമുള്ള ഒരാളും ധരിക്കില്ല. കാരണം ലളിതമാണ്. അവരുടെ കൂട്ടത്തിൽ പെട്ടവനാണ് താനെന്ന് തോന്നിക്കാൻ അയാൾ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.

ഇത് പോലെ തന്നെയാണ് –അല്ല! ഇതിനെക്കാൾ ശക്തമാണ്– ഒരു മുസ്ലിമിന് കാഫിറിന്റെ രീതികളോടും ആചാരങ്ങളോടുമുള്ള വെറുപ്പ്. അവനൊരിക്കലും ഈ കൂട്ടത്തിൽ പെട്ടവനാണ് താനെന്ന് ആരെങ്കിലും തെറ്റിദ്ധരിക്കുന്നതോ, അവരോട് പുറമേക്കെങ്കിലും ഒരു സാദൃശ്യമുണ്ടാകുന്നതോ സഹിക്കാൻ കഴിയില്ല.

കാലങ്ങളായി ചിലർ തെറ്റിദ്ധരിപ്പിക്കുന്നത് പോലെ; കാഫിറുകളോട് എതിരാകേണ്ടത് അവരുടെ മതപരമായ ആചാരങ്ങളിലും അനുഷഠാനങ്ങളിലും മാത്രമല്ല. മറിച്ച്, അവർ പ്രത്യേകമായി സ്വീകരിച്ചിട്ടുള്ള, അവരുടേതെന്ന് പൊതുവെ അറിയപ്പെട്ട എന്തെല്ലാം കാര്യങ്ങളുണ്ടോ –അത് വേഷമോ, സംസാരമോ, ഭാഷയോ മറ്റെന്തെങ്കിലുമോ ആകട്ടെ– അവയിലെല്ലാം അവരോട് സാദൃശ്യമാകൽ വിലക്കപ്പെട്ടത് തന്നെയാണ്.

ചില കാര്യങ്ങൾ അവരുടെ മതത്തിന്റെ ആചാരങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും. ഉദാഹരണത്തിന്, നിലവിളക്ക് കത്തിക്കൽ, കുരിശ് ധരിക്കൽ, സൂര്യനമസ്കാരം ചെയ്യൽ പോ

ലുള്ളവ. അത്തരം കാര്യങ്ങളിൽ കാഫിറുകളോട് എതിരാകണമെന്നതിൽ സംശയത്തിന് യാതൊരു വകുപ്പുമില്ല.

എന്നാൽ മറ്റു ചില കാര്യങ്ങൾ അവരുടെ മതവുമായി പ്രകടമായ ബന്ധമേ ചിലപ്പോൾ വെച്ചു പുലർത്തുന്നുണ്ടാകില്ല; എന്നാൽ അവരുടെ സംസ്കാരങ്ങളിലോ ഭൗതികമായ രീതികളിലോ പെട്ടതായിരിക്കും അവ. അവർ മാത്രമാണ് അത് പ്രവർത്തിക്കാറുള്ളത് എന്ന് പൊതുവിൽ സമൂഹത്തിൽ അറിയപ്പെട്ടിട്ടുണ്ടാകും.

ഉദാഹരണത്തിന്, കാവി വസ്ത്രം ധരിക്കലോ, താടി വടിക്കലോ, മീശ വളർത്തലോ പോലുള്ള ചില കേവലം ഭൗതികമായ കാര്യങ്ങൾ. അവയിൽ പോലും –അത് കേവലം ഭൗതികമായ കാര്യമാണെങ്കിൽ കൂടി– കാഫിറിനോട് സാദൃശ്യം വെച്ചു പുലർത്തുക എന്നത് അനുവദനീയമല്ല.

നബി -ﷺ- കാഫിറുകളിലുണ്ടായിരുന്ന പല കാര്യങ്ങളോടും എതിരാകാൻ പറഞ്ഞിട്ടുണ്ട്. അല്ല! അതൊരു പൊതു മര്യാദ പോലെ നബി -ﷺ- പഠിപ്പിച്ചിട്ടുണ്ട്. അവർ മതപരമായ ഉദ്ദേശം വെച്ചു ചെയ്യുന്നതാണോ, അതല്ല കേവലം അവരുടെ ഭൗതികമായ രീതികളിൽ പെട്ടതാണോ എന്ന അന്വേഷണമൊന്നും തന്നെ നടത്താതെ നബി -ﷺ- അവയിൽ പലതും വിലക്കിയിട്ടുമുണ്ട്. ചില ഉദാഹരണങ്ങൾ താഴെ നൽകാം.

عَنْ أَبِي هُرَيْرَةَ قَالَ: إِنَّ رَسُولَ اللَّهِ -ﷺ- قَالَ: «**إِنَّ اليَهُودَ، وَالنَّصَارَى لاَ يَصْبُغُونَ، فَخَالِفُوهُمْ**» [متفق عليه]

നബി -ﷺ- പറഞ്ഞു: ''യഹൂദരും നസ്വാറാനികളും നരച്ച താടിയുടെ നിറം മാറ്റാറില്ല. നിങ്ങൾ അവരോട് എതിരാവുക.'' (മുത്തഫഖുൻ)

عَنْ أَبِي أُمَامَةَ قَالَ: خَرَجَ رَسُولُ اللَّهِ -ﷺ- عَلَى مَشْيَخَةٍ مِنَ الْأَنْصَارِ بِيضٌ لِحَاهُمْ فَقَالَ: «**يَا مَعْشَرَ الْأَنْصَارِ حَمِّرُوا وَصَفِّرُوا، وَخَالِفُوا أَهْلَ الْكِتَابِ**»، قَالَ: فَقُلْنَا: يَا رَسُولَ اللَّهِ، إِنَّ أَهْلَ الْكِتَابِ يَتَسَرْوَلَونَ وَلْا يَأْتَزِرُونَ فَقَالَ رَسُولُ اللهِ -ﷺ-: «**تَسَرْوَلُوا وَائْتَزِرُوا وَخَالِفُوا أَهْلَ الْكِتَابِ**»، قَالَ: فَقُلْنَا: يَا رَسُولَ اللَّهِ، إِنَّ أَهْلَ الْكِتَابِ يَتَخَفَّفُونَ وَلَا يَنْتَعِلُونَ، قَالَ: فَقَالَ النَّبِيُّ -ﷺ-: «**فَتَخَفَّفُوا وَانْتَعِلُوا وَخَالِفُوا أَهْلَ الْكِتَابِ**»، قَالَ: فَقُلْنَا: يَا رَسُولَ اللَّهِ إِنَّ أَهْلَ الْكِتَابِ يَقُصُّونَ عَثَانِينَهُمْ وَيُوَفِّرُونَ سِبَالَهُمْ، فَقَالَ النَّبِيُّ -ﷺ-: «**قُصُّوا سِبَالَكُمْ، وَوَفِّرُوا عَثَانِينَكُمْ وَخَالِفُوا أَهْلَ الْكِتَابِ**» [أحمد، وحسنه]

താടി നരച്ച വൃദ്ധന്മാരായ ചില അൻസ്വാറുകൾക്കിടയിലേക്ക് നബി -ﷺ- വന്നു. അവിടുന്ന് അവരോട് പറഞ്ഞു: ''നിങ്ങൾ താടി ചുവപ്പിക്കുകയോ, മഞ്ഞ നിറമാക്കുകയോ ചെയ്യുക. വേദക്കാരോട് നിങ്ങൾ എതിരാവുകയും ചെയ്യുക.''

ഞങ്ങൾ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ! വേദക്കാർ സർവാൽ (പാന്റ് പോലൊരു വസ്ത്രം) ധരിക്കാറുണ്ട്; എന്നാൽ മുണ്ട് ധരിക്കാറില്ല.'' നബി -ﷺ- പറഞ്ഞു: ''നിങ്ങൾ സർവാലും മുണ്ടും ധരിക്കുക. വേദക്കാരോട് എതിരാവുകയും ചെയ്യുക.''

ഞങ്ങൾ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ! വേദക്കാർ ഖുഫ്ഫ ധരിക്കാറുണ്ട്. എന്നാൽ അവർ ചെരുപ്പ് ധരിക്കാറില്ല'' നബി -ﷺ- പറഞ്ഞു: ''നിങ്ങൾ ഖുഫ്ഫയും ചെരിപ്പും ധരിക്കുക. വേദക്കാരോട് എതിരാവുക.''

ഞങ്ങൾ പറഞ്ഞു: ''വേദക്കാർ അവരുടെ താടി ചെറുതാക്കുകയും, മീശ (വെട്ടാതെ) വെറുതെ വിടുകയും ചെയ്യുന്നു.'' ന

ബി -ﷺ- പറഞ്ഞു: ''നിങ്ങൾ മീശ ചെറുതാക്കുകയും, താടി വെറുതെ വിടുകയും ചെയ്യുക. വേദക്കാരോട് എതിരാവുകയും ചെയ്യുക.'' (അഹ്മദ്, അൽബാനി ഹസൻ എന്ന് വിലയിരുത്തി)

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ العَاصِ، أَنَّ رَسُولَ اللَّهِ -ﷺ- قَالَ: «**لَيْسَ مِنَّا مَنْ تَشَبَّهَ بِغَيْرِنَا، لاَ تَشَبَّهُوا بِالْيَهُودِ وَلاَ بِالنَّصَارَى، فَإِنَّ تَسْلِيمَ الْيَهُودِ الإِشَارَةُ بِالأَصَابِعِ، وَتَسْلِيمَ النَّصَارَى الإِشَارَةُ بِالأَكُفِّ**» [الترمذي، وحسنه الألباني]

നബി -ﷺ- പറഞ്ഞു: ''മുസ്ലിംകളല്ലാത്തവരോട് സാദൃശ്യപ്പെട്ടവൻ നമ്മളിൽ പെട്ടവനല്ല. നിങ്ങൾ യഹൂദ-നസ്വ്റാനികളോട് സാദൃശ്യപ്പെടരുത്. യഹൂദരുടെ അഭിവാദ്യം കൈവിരലുകൾ കൊണ്ടാണെങ്കിൽ, നസ്വ്റാനികളുടെ അഭിവാദ്യം കൈപത്തി കൊണ്ടാണ്.'' (തിർമിദി)

മേലെ നൽകിയ ഹദീഥുകളിൽ നബി -ﷺ- വിലക്കിയ പല കാര്യങ്ങളും കേവലം അനുവദനീയമായ കാര്യങ്ങളിൽ പെട്ടതാണ്. തീർത്തും ഭൗതികമെന്ന് പറയാവുന്ന വിഷയങ്ങൾ. ഒരാൾ പാൻ്റ്സ് മാത്രം ധരിക്കുകയും മുണ്ട് ഒഴിവാക്കുകയും ചെയ്യുന്നതിൽ എന്ത് മതാചാരമാണുള്ളത്. യഹൂദരുടെയും നസ്വ്റാനികളുടെ അഭിവാദനരീതികളിൽ എന്ത് മതാചാരമാണ് കടന്നു കൂടിയിട്ടുള്ളത്; അവരതിൽ അവരുടെ ദൈവങ്ങളുടെ പ്രീതിയേ ആഗ്രഹിക്കുന്നുണ്ടാക്കില്ല. എന്നാലും അവ നബി -ﷺ- നിരോധിച്ചു. ഇതിൽ നിന്ന് എന്താണ് മനസ്സിലാക്കേണ്ടത്?

കാഫിറുകളോട് സ്നേഹബന്ധം പുലർത്തുന്നതിൻ്റെ ചില അടയാളങ്ങൾ വിശദീകരിക്കവെ ശൈഖ് സ്വാലിഹ് അൽ-ഫൗസാൻ (ഹഫിദഹുല്ലാഹ്) പറഞ്ഞു: ''വേഷത്തിലും സംസാരത്തിലും മറ്റുമെല്ലാം അവരോട് സാദൃശ്യപ്പെടുക എന്ന

ത് കാഫിറുകളോട് സ്നേഹം കാണിക്കുന്നതിന്റെ രൂപങ്ങളിൽ പെട്ടതാണ്. കാരണം വേഷത്തിലും സംസാരത്തിലും മറ്റുമെല്ലാം അവരോട് ഒരാൾ സാദൃശ്യപ്പെടുന്നുണ്ടെങ്കിൽ അതറിയിക്കുന്നത് അവന് ആരെയാണോ അനുകരിക്കുന്നത് അവനോട് സ്നേഹമുണ്ടെന്നാണ്...

അതിനാൽ കാഫിറുകൾക്ക് മാത്രമുള്ളതായ, അവരുടെ ആരാധനാരീതികളിലും, ശൈലികളിലും, അടയാളങ്ങളിലും, സ്വഭാവങ്ങളിലുമൊക്കെ അവരോട് സാദൃശ്യപ്പെടുന്നത് ഹറാമാണ്. താടി വടിക്കുക, മീശ നീട്ടിവളർത്തുക, ആവശ്യത്തിനല്ലാതെ അവരുടെ ഭാഷയിൽ ചിലക്കുക, അവരുടെ വേഷവിധാനത്തിലോ, ഭക്ഷണരീതികളിലോ മറ്റോ സാദൃശ്യപ്പെടുക എന്നതെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.'' (അൽ–ഇർഷാദ്: 309)

മേലെ ശൈഖ് എടുത്തു കൊടുത്ത കാര്യങ്ങൾ നോക്കൂ. അതിൽ പലതും തീർത്തും ഭൗതിക വിഷയങ്ങൾ മാത്രമാണ്. ഉദാഹരണത്തിന്; അന്യമതസ്ഥരുടെ ഭാഷയും, ഭക്ഷണമര്യാദകളും മറ്റുമൊക്കെ. ഈ പറഞ്ഞ കാര്യങ്ങളിലൊക്കെ ഇസ്ലാം പ്രത്യേകിച്ചൊരു നിയമം പറഞ്ഞിട്ടില്ലാത്ത പല വിഷയങ്ങളുമുണ്ട്. എന്നാൽ അവയിലേതെങ്കിലും കാഫിർ പൊതുവെ ചെയ്യുന്നതായി അറിയപ്പെട്ടു കഴിഞ്ഞാൽ –അവരത് ചെയ്യുന്നു എന്ന ഒറ്റക്കാരണത്താൽ– നമുക്ക് നിഷിദ്ധമാകും.

കുറച്ചു കൂടി കാര്യങ്ങൾ വിശദമാകുന്നതിന് കാഫിറുകളുടെ ഏതെല്ലാം പ്രവർത്തികളാണ് ഉപേക്ഷിക്കേണ്ടതെന്നും, ഏതെല്ലാം ഉപേക്ഷിക്കേണ്ടതില്ലെന്നും വിശദീകരിക്കുന്ന ശൈഖ് ഇബ്നു ഉഥൈമീന്റെ വാക്കുകൾ താഴെ നൽകാം.

അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെയും നമ്മുടെയും ശത്രുക്കളായ കാഫിറുകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ മൂന്നു രൂപത്തിലാണ്.

ഒന്ന്: ആരാധനകൾ. ഇവയിൽ കാഫിറുകളോട് സാദൃശ്യ

പ്പെടാൻ ഒരു മുസ്ലിമിനും പാടില്ലെന്നത് അറിയപ്പെട്ട കാര്യമാണ്. അങ്ങനെ ആരെങ്കിലും സാദൃശ്യപ്പെട്ടാൽ അവൻ വളരെ അപകടകരമായ അവസ്ഥയിലാണ്. ചിലപ്പോൾ അത് അവനെ ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്നതിലേക്കും, കുഫ്റിലേക്കും എത്തിച്ചേക്കാം.

രണ്ട്: വസ്ത്രധാരണവും മറ്റും പോലെയുള്ള ശീലങ്ങൾ. ഇത്തരം കാര്യങ്ങളിലും മുശ്രിക്കുകളെ പിൻപറ്റൽ നിഷിദ്ധമാണ് (ഹറാം).

മൂന്ന്: വ്യവസായം, ബിസിനസ് പോലുള്ള കാര്യങ്ങൾ. ഇത് പൊതുവായി എല്ലാവർക്കും ഗുണമുള്ള കാര്യങ്ങളാണ്. കാഫിറുകൾ നിർമ്മിച്ചെടുത്ത ഇത്തരം കാര്യങ്ങൾ നമ്മൾ പഠിക്കുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും തെറ്റില്ല. ഇതൊരിക്കലും അവരോട് സാദൃശ്യപ്പെടലുമല്ല.'' (മജ്മൂഅ്: 3/40)

ശൈഖ് കാഫിറുകളുടെ പ്രവർത്തനങ്ങളിൽ രണ്ടാമത്തെ ഇനമായി എണ്ണിപ്പറഞ്ഞത് ശീലങ്ങാളെയാണ് (ആദതുകൾ). അവ കാഫിറിന്റെ പൊതു സ്വഭാവമായി അറിയപ്പെട്ടിട്ടുണ്ടെങ്കിൽ പിന്നെ അത് നമുക്കും അനുവദനീയമല്ല. നമ്മുടെ നാട്ടിൽ തന്നെ എത്രയോ ഉദാഹരണങ്ങൾ ഇതിൽ ഉൾപ്പെടുന്നതായി കാണാൻ കഴിയും.

കാഫിറുകളോട് എതിരാകേണ്ടതിന്റെ പ്രാധാന്യവും, അപ്രകാരം ചെയ്യാതിരിക്കുന്നതിലെ ദോഷവശങ്ങളും എണ്ണിപ്പറഞ്ഞതിന് ശേഷം ഇബ്നു തൈമിയ്യ - : - പറഞ്ഞു: ''കാഫിറുകളോട് പ്രകടമായ വേഷവിധാനങ്ങളിൽ സാദൃശ്യമുണ്ടാവുകയെന്നതന്ന് അവരുമായി കൂടിക്കലരാൻ കാരണമാകും. മുസ്ലിമിനെയും കാഫിറിനെയും വേർതിരിച്ചറിയാൻ പറ്റാത്ത അവസ്ഥ സംജാതമാവുകയും ചെയ്യും... ഈ പറഞ്ഞതെല്ലാം കേവലം അനുവദനീയമായ (ഭൗതികമായ) കാര്യങ്ങളിലാണ്.

എന്നാൽ ഇതെല്ലാം കുഫ്റിലേക്കെത്തിക്കുന്ന കാര്യങ്ങളി

ൽ പെട്ടതോ മറ്റോ ആണെങ്കിൽ അപ്രകാരം ചെയ്യുന്നത് കുഫ്റിന്റെ ഇനങ്ങളിൽ പെട്ടതാണ്. അക്കാര്യത്തിൽ അവരെ പിൻപറ്റൽ അവരുടെ തെറ്റുകളിൽ പിൻപറ്റുന്നത് പോലെയാണ്. ഈ അടിസ്ഥാനം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.'' (ഇഖ്തിദാ: 1/93)

ഈ പറഞ്ഞ കാര്യങ്ങളൊയൊന്നും ഞാൻ നിഷേധിച്ചിട്ടില്ലയെന്ന് അബ്ദു റഹ്മാൻ ചിലപ്പോൾ പറഞ്ഞേക്കാം. ശരിയാണ്! നേരെ വാക്ക് കൊണ്ട് നിഷേധിച്ചിട്ടില്ല. പക്ഷേ, സൂചനകൾ ധാരാളമുണ്ട്.

അതിനേറ്റവും വലിയ തെളിവ് അബ്ദു റഹ്മാൻ തന്നെ എഴുതിയുണ്ടാക്കിയ നമ്പൂതിരിക്കഥയാണ്. ഒരു മുസ്ലിമിന്റെ വീട്ടിലേക്ക് ഭക്ഷണം കഴിക്കാൻ വന്ന നമ്പൂതിരി മാംസ ബിരിയാണി കഴിക്കാതെ പോകുന്നത് എന്തു കൊണ്ടാണോ, അത് കൊണ്ടൊക്കെ തന്നെയാണ് മുസ്ലിംകളും ഹിന്ദുക്കളുടെയും മറ്റു കാഫിറുകളുടെയും ആചാരങ്ങളെ പിൻപറ്റാതിരിക്കുന്നതെന്നാണ് അബ്ദു റഹ്മാൻ പറഞ്ഞത്.

നമ്പൂതിരി മാംസ ബിരിയാണി കഴിക്കാതിരിക്കുന്നത് അയാളുടെ മതത്തിൽ അത് 'ഹറമാ'യത് കൊണ്ടാണ്. എന്നാൽ നമ്മൾ ഈ ഒരു കാരണം കൊണ്ട് മാത്രമാണോ പലതും ഉപേക്ഷിക്കുന്നത്? കാഫിറുകൾക്ക് മാത്രം പ്രത്യേകമായ ഭാഷയോ, സംസാര രീതിയോ, വേഷവിധാനമോ ഒന്നും നമ്മൾ സ്വീകരിക്കില്ല. അതിലോരോന്നും വ്യക്തമായ വിലക്ക് വന്നതു കൊണ്ടല്ല. മറിച്ച്, കാഫിറുകളുടെ പൊതുവായ അടയാളം എന്ന ഒരു കാരണം മാത്രമാണ് പലതും നമ്മൾ ഒഴിവാക്കാനുള്ള കാരണം.

നമ്പൂതിരി ഒരിക്കലും മാംസം ഭക്ഷിക്കാതിരിക്കുന്നത് 'എല്ലാ മുസ്ലിംകളും ഭോജിക്കുന്ന ഭക്ഷണം നോം ഭോജിക്കുന്നത് ശരിയല്ലല്ലോ' എന്ന ചിന്ത കൊണ്ടൊന്നുമല്ല. അതയാൾക്ക് തിന്നാൻ അനുവാദമില്ലെന്ന് അയാളുടെ മതം വ്യക്തമായി പറയുന്നത് കൊണ്ട് മാത്രമാണ്. എന്നാൽ മുസ്ലിമിന് അവന്റെ

മതം –ഇസ്ലാം– പ്രത്യേകം പറഞ്ഞു കൊടുത്ത ചില കാര്യങ്ങളുണ്ട്; അതിലവൻ മുശ്രിക്കുകളോട് എതിരാകുന്നു. മറ്റു പലതിലും –മതം പറഞ്ഞിട്ടില്ലാത്തവയാണെങ്കിൽ കൂടി– മുശ്രിക്കുകളോട് എതിരാകണമെന്ന ഉദ്ദേശത്തോടെ മാത്രം എതിരാകുന്നവയുമുണ്ട്.

ഇത്തരം ഉദാഹരണങ്ങൾ നൽകുമ്പോൾ കാര്യം ആളുകൾക്ക് അവ്യക്തമാകും എന്നതിനാൽ വിശദീകരിക്കേണ്ടത് ബാധ്യതയാണ്. കാരണം നമ്പൂതിരി മാംസം ഒഴിവാക്കുന്നത് പോലെ മാത്രമാണ് മുസ്ലിംകൾ കാഫിറുകളോട് സാദൃശ്യപ്പെടാതിരിക്കുന്നതെന്ന് ഒരാൾ വിചാരിച്ചു കഴിഞ്ഞാൽ അത് അബദ്ധമാണ്. ഫിഖ്ഹിലൊക്കെ പറയാറുള്ളത് പോലെ ഇത് 'ഖിയാസുൻ മഅൽ ഫവാരിഖ്' (വ്യത്യസ്തമായ രണ്ടു കാര്യങ്ങളെ പരസ്പരം താരതമ്യം ചെയ്യൽ) ആണ്.

മാത്രമല്ല, നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം അവന്റെ മതം പറയുന്നത് എല്ലാ സംസ്കാരങ്ങളെയും ഉൾക്കൊള്ളാനും സ്വീകരിക്കാനുമെല്ലാമാണ്. ഒരാൾ അല്ലാഹുവിനെ മാത്രം ആരാധിച്ചാലോ, അല്ലാഹുവിന് മക്കളുണ്ടെന്ന് പറഞ്ഞാലോ, എല്ലാം അല്ലാഹുവാണെന്ന് പറഞ്ഞാലോ, അല്ലാഹു തന്നെയില്ലെന്ന് പറഞ്ഞാലോ അവൻ കുഴപ്പമില്ല. അതെല്ലാം അവന്റെ കണക്കിൽ വ്യത്യസ്ത വഴികളും ചിന്താധാരകളും മാത്രമാണ്. മറ്റു ചിന്താധാരകളെ എല്ലാം ഉൾക്കൊള്ളണമെന്നാണ് ഹിന്ദു സംസ്കാരം പറയുന്നതെന്ന് അവർ തന്നെ പലയിടത്തായി പറഞ്ഞിട്ടുണ്ട്. ഇതു പോലെയാണോ ഇസ്ലാമിന്റെയും മുസ്ലിംകളുടെയും കാര്യം?!

ഇതിനെക്കാൾ അപകടകരമായതും അബ്ദു റഹ്മാൻ എഴുതുന്നുണ്ട്. ഇസ്ലാമിലെ വലാഇനെയും ബറാഇനെയും 'ലളിതമായി' വിശദീകരിച്ചതിന് ശേഷം അബ്ദു റഹ്മാൻ പറയുന്നു: ''ഇത് (ഈ വലാഉം ബറാഉം) എല്ലാ മതത്തിലുമുണ്ട്.''

സുബ്ഹാനല്ലാഹ്! എന്തു മാത്രം അപകടകരമായ വർത്തമാ

നമാണിത്. ഇസ്ലാമിന്റെ വ്യതിരിക്തതകളിൽ പ്രകടമായി നില കൊള്ളുന്ന 'വലാഉം ബറാഉം' ഒരു മതത്തിലുമില്ല. ഇവിടെ വ്യ ക്തമായ വിധിവിലക്കുകളുടെ അടിസ്ഥാനത്തിലുള്ള സ്നേഹ വും വെറുപ്പുമാണുള്ളത്. എന്നാൽ മറ്റു മതങ്ങളിലെല്ലാമുള്ള താകട്ടെ; തോന്നിയത് പോലുള്ള സ്നേഹവും വെറുപ്പുമാണ്.

ഈ സാമാന്യവൽക്കരണം നിങ്ങളുടെ പ്രബോധകന്മാരുടെ യും പൊതുസ്വഭാവമാണ്. ഇസ്ലാമിലെ തൗഹീദിനെ വിശദീക രിച്ചതിന് ശേഷം ചില വിഡ്ഢികൾ –ഒരു കാലത്ത് ഞാനും അത്തരക്കാരിൽ പെട്ടവനായിരുന്നു; അല്ലാഹു പൊറുത്തു തര ട്ടെ– പറയും: 'ഇതേ കാര്യം തന്നെയാണ് ഭഗവത് ഗീതയിലും, ബൈബിളിലും, തൽമൂദിലുമൊക്കെ പറഞ്ഞിട്ടുള്ളത്.'

എന്നിട്ടവൻ കുറേ ഉദ്ധരണികൾ വായിക്കും. ഹൈന്ദവ വേദ ഗ്രന്ഥങ്ങളിൽ നിന്ന് ഇവർ വായിക്കുന്ന ഇത്തരം പല ഉദ്ധരണി കളും തനിച്ച അദ്വൈത സിദ്ധാന്തമാണ് പ്രചരിപ്പിക്കുന്നതെന്ന് ഈ വിഡ്ഢിക്ക് മനസ്സിലായിട്ടില്ല. ഇതാണോ ഇസ്ലാമിലെ തൗ ഹീദ്. ബൈബിളാകട്ടെ, വലിയ രൂപത്തിൽ കൈകടത്തലിന് വി ധേയമായ ഗ്രന്ഥവും. അതിലെവിടെയാണ് –ചങ്ങാതീ– അവർ തൗഹീദ് പറയുക?! ശിർക്ക് സ്ഥാപിക്കാൻ വേണ്ടിയെഴുതിയ ഗ്രന്ഥങ്ങളിൽ തൗഹീദ് തിരയുന്ന ഈ ഗതികേടിൽ നിന്നെ ന്നാണ് ഇസ്ലാമിക പ്രബോധകർ രക്ഷപ്പെടുക?!

ഇത്തരം ഗ്രന്ഥങ്ങളിൽ തൗഹീദിന് അനുകൂലമായ ഒന്നുമി ല്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അവ തുലോം തുഛവും, വ്യാഖ്യാനങ്ങൾക്ക് വിധേയവുമാണ്. അതിനാൽ അവയൊ ന്നും ശുദ്ധമല്ല; ദൃഢവിശ്വാസം നൽകുന്നതുമല്ല. പിന്നെന്തിനാ ണ് ഇത്തരം സർകസ്സുകളുടെ പിന്നാലെ പോകുന്നത്?

ഇസ്ലാമിന്റെ പരിശുദ്ധമായ തൗഹീദ് ഇക്കണ്ട ഗ്രന്ഥങ്ങളി ലൊക്കെയുണ്ടെങ്കിൽ പിന്നെന്തിനാണ് –ഹേ!– ഇസ്ലാം മാത്രമാ ണ് ശരിയെന്ന് പറയുന്നത്? പിന്നെ ഇസ്ലാമിനെന്താണൊരു പ്ര ത്യേകതയുള്ളത്?

ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇസ്ലാം മാത്രമാണ് ശരി. അതിന് പുറമെയുള്ളതെല്ലാം തനിച്ച അബദ്ധവും അല്ലാഹുവിങ്കൽ ഒരിക്കലും സ്വീകാര്യവുമല്ലാത്തതാണ്. അവന്റെ കണ്ണിൽ സൃഷ്ടികളുടെ കൂട്ടത്തിൽ ഏറ്റവും മോശം കാഫിറുകളാണ്. അവനെങ്ങനെയാണ് നമ്പൂതിരിയെ പോലെ മറ്റു മതങ്ങളെയും അതിന്റെ വക്താക്കളെയും 'മാംസബിരിയാണി' നീക്കി വെച്ച് കെട്ടിപ്പിടിക്കാനാവുക?!

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവനേറ്റവും കൂടുതൽ സ്നേഹിക്കുന്നത് അവനെ സൃഷ്ടിച്ച റബ്ബിനെയാണ്. അവന്റെ റബ്ബിന് ഇഷ്ടമില്ലാത്തതൊന്നും അവനും ഇഷ്ടമല്ല. അവന്റെ റബ്ബിന് ദേഷ്യമുള്ളവരോടൊക്കെ അവനും ദേഷ്യമുണ്ട്.

നിനക്കൊരു അടുത്ത കൂട്ടുകാരനുണ്ടായിരിക്കുകയും, അയാളെ നീ വളരെ സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്ന് കരുതുക. അവനോടുള്ള നിന്റെ സ്നേഹം ആത്മാർഥമാണെങ്കിൽ പിന്നെങ്ങനെ നിനക്ക് അവന്റെ ശത്രുക്കളെ കണ്ടാൽ ചിരിക്കാനും, ബിരിയാണി മാറ്റി വെച്ച് അവനോടൊപ്പം കൂടിയിരിക്കാനും കഴിയും?! ഒന്നല്ലെങ്കിൽ നീ സമ്മതിക്കുക: നിനക്ക് നിന്റെ കൂട്ടുകാരനോട് സ്നേഹമില്ല; അത് കപടമാണ്. അല്ലെങ്കിൽ; നിന്റെ കൂട്ടുകാരന്റെ ശത്രു നിന്റെയും ശത്രുവാകട്ടെ.

ചുരുക്കത്തിൽ, മേലെ പറഞ്ഞ നമ്പൂതിരിക്കഥ ഒരു ഇസ്ലാമിക കഥയല്ല. അത് അബ്ദു റഹ്മാന്റെ 'ലളിതമായ', ചെളി പുരളാത്ത, വേദനയില്ലാത്ത വലാഉം ബറാഉമാണ്. ഖുർആനും സുന്നത്തും ഈ നമ്പൂതിരിക്കഥയിൽ നിന്ന് ബറാഅത്തിലാണ്.

അബ്ദു റഹ്മാൻ പറയുന്നു: ''ഇതര മതസ്ഥരോട് ഏറെ വിനയത്തോടെയും സഹിഷ്ണുതയോടെയും പെരുമാറിയിരുന്ന ആളായിരുന്നു നബി -ﷺ-.''

കാഫിറുകളോട് –അബ്ദു റഹ്മാന്റെ ഭാഷയിൽ ഇതരമതസ്ഥരോട്– ഏറെ വിനയത്തോടെ പെരുമാറിയിരുന്ന ആളായിരു

ന്നു നബി -ﷺ- എന്ന അബ്ദു റഹ്മാന്റെ വാക്കിൽ ഒരു സൂക്ഷ്മ തക്കുറവുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം ന ബി -ﷺ- കാഫിറുകളോട് മാന്യമായും അവർക്ക് അർഹമായ രൂപത്തിലും പെരുമാറിയിട്ടുണ്ട്. അവർക്ക് പൊറുത്തു കൊടു ക്കുകയും, അവർക്ക് ഹിദായത്തിന് (സന്മാർഗം ലഭിക്കുന്നതി ന്) വേണ്ടി പ്രാർഥിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്.

എന്നാൽ എല്ലാ കാഫിറുകളോടും നബി -ﷺ- വിനയം കാ ണിച്ചിരുന്നു എന്ന് എവിടെയും ഇതു വരെ വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടില്ല; അതിന് വിരുദ്ധമായി ചില പ ണ്ഡിതന്മാരൊക്കെ പറയുകയും ചെയ്തിട്ടുണ്ട്.

ശൈഖ് ഇബ്നു ഉഥൈമീൻ - : - പറഞ്ഞു: ''നീ മുഅ്മിനി നോട് വിനയം കാണിക്കുക; കാരണം അവൻ അതിന് അർ ഹനാണ്. എന്നാൽ കാഫിറിനോടോ? അല്ലാഹു -ﷻ- അവ രുടെ കാര്യത്തിൽ പറഞ്ഞതിപ്രകാരമാണ്:

«يَاأَيُّهَا النَّبِيُّ جَاهِدِ الْكُفَّارَ وَالْمُنَافِقِينَ وَاغْلُظْ عَلَيْهِمْ وَمَأْوَاهُمْ جَهَنَّمُ وَبِئْسَ الْمَصِيرُ»

''നബിയേ, കാഫിറുകളോടും മുനാഫിഖുകളോടും (കപടവി ശ്വാസികൾ), ജിഹാദ് ചെയ്യുകയും, അവരോട് പരുഷമായി പെ രുമാറുകയും ചെയ്യുക. അവർക്കുള്ള സങ്കേതം നരകമത്രെ. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ.'' (തൗ ബ: 73, തഹ്‌രീം: 9)

പ്രസന്നവദനായും പുഞ്ചിരിച്ചും സ്വീകരിക്കേണ്ടത് മുഅ്മി നിനെ മാത്രമാണ്. എന്നാൽ കാഫിറായ വ്യക്തിയാണെങ്കി ലോ; അവൻ ഇസ്ലാം സ്വീകരിക്കുമെന്ന് നിനക്ക് പ്രതീക്ഷയു ണ്ടെങ്കിൽ അവനോട് അപ്രകാരമെല്ലാം ചെയ്യാം. അവനോട് അപ്രകാരം ചെയ്യാനുള്ള കാരണം അവൻ ഇസ്ലാം സ്വീകരി

ക്കുമെന്ന പ്രതീക്ഷ മാത്രമാണ്.

എന്നാൽ മുസ്ലിമിന് മേൽ കൂടുതൽ ഔന്നത്യം കാണിക്കാനും, അഹങ്കാരം കാണിക്കാനുമാണ് അത് കാരണമാവുകയെങ്കിൽ അവനെ ഇപ്രകാരമൊന്നും സ്വീകരിക്കേണ്ടതില്ല.'' (ശർഹു രിയാദിസ്സ്വാലിഹീൻ: 4/61-62)

തെളിച്ച് പറഞ്ഞാൽ; ഇസ്ലാം സ്വീകരിക്കുമെന്ന് പ്രതീക്ഷയുള്ള, അതിനോട് അടുപ്പം കാണിക്കുന്നവരോട് നീ നല്ല രൂപത്തിൽ പെരുമാറുക. എന്നാൽ, ഇസ്ലാമിനെ തകർക്കാനുദ്ദേശിക്കുന്ന, ബിജെപിയെയും ആർഎസ്എസിനെയും പോലുള്ള സംഘടനകളിലും മറ്റുമൊക്കെ ഉള്ളവരോട് നീ വിനയം കാണിക്കേണ്ടതുമില്ല. അവരോട് നീ -വിസ്ഡം നേതാക്കന്മാർ ചെയ്യുന്നത് പോലെ, കുനിഞ്ഞിരുന്ന്, കണ്ണും കാതും കൂർപ്പിച്ച്, എഴുതിയെടുക്കാൻ പേനയും പേപ്പറും കയ്യിൽ പിടിച്ച്- വിനയാന്വിതനും നിഷ്കളങ്കനുമായി നിൽക്കുകയും വേണ്ട.

അബ്ദു റഹ്മാന്റെ സന്തതസഹചാരിയായ റുസ്തം ഉഥ്മാൻ ബിജെപി നേതാവ് സുരേന്ദ്രനുമായി കൂടിയാലോചന നടത്തുന്ന ഒരു ചിത്രം ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തതും, ബിജെപിയുടെയും ആർ എസ് എസിന്റെയും നേതാക്കന്മാർ മുസ്ലിം സഹോദരങ്ങളുടെ മുന്നിൽ ഞെളിഞ്ഞിരുന്ന്, പ്രസംഗ പീഠത്തിൽ കയറി മുസ്ലിംകളെ ഉപദേശിച്ചു കൊടുക്കുമ്പോൾ വിസ്ഡം നേതാക്കന്മാർ ഇരിക്കുന്ന വിനയാന്വിതമായ ഇരുത്തവുമൊക്കെയാണ് ഇതെഴുതുമ്പോൾ എനിക്കോർമ്മ വരുന്നത്.

ഇത്തരം തിന്മകളോക്കെ കാണുമ്പോഴും പേന ചലിപ്പിക്കാതിരിക്കുന്നത് കൊണ്ടാണ് അബ്ദു റഹ്മാന്റെ വാക്കുകളെ ഇത്ര സൂക്ഷ്മമായി വായിക്കാൻ ഞാൻ നിർബന്ധിതനാകുന്നത്. നബി -ﷺ- കാഫിറുകളോട് വിനയത്തോടെ പെരുമാറി എന്ന ഒരൊറ്റ വാക്കിൽ നിന്ന് ഒരു സലഫിക്ക് മനസ്സിലാക്കാവുന്നത് നേരത്തെ പറഞ്ഞ പോലെ 'ഇസ്ലാം സ്വീകരിക്കാനാഗ്രഹിക്കുന്നവ

രോട് വിനയത്തിൽ പെരുമാറി' എന്നായിരിക്കും. എന്നാൽ ഒരു വിസ്ഡം പ്രവർത്തകനായ സാധാരണക്കാരന് അതിൽ നിന്ന് മനസ്സിലാകുക 'സുരേന്ദ്രനെയും ശശികലയെയും ശ്രീധരൻപി ള്ളയെയും പോലെയുള്ളവരോട് നമ്മുടെ നേതാക്കന്മാരൊ ക്കെ കാണിക്കുന്ന ബഹുമാനം പോലെ' എന്നുമായിരിക്കും.

അബ്ദു റഹ്മാന്റെ വാക്കിൽ നിന്ന് രണ്ടും കിട്ടും. ഇതിലേതാണ് ശരി, ഏതെല്ലാം തെറ്റ് എന്നൊന്ന് അദ്ദേഹം പറഞ്ഞാൽ പ്രശ്നം തീരും. അതദ്ദേഹത്തിന്റെ ലേഖനത്തിൽ പലയിടത്തും കാണുന്നില്ല എന്നത് കൊണ്ടാണ് അബ്ദു റഹ്മാന്റെ ലേഖനങ്ങൾക്ക് താഴെയും, ഇൻബോക്സിലുമൊക്കെയായി പലപ്പോഴും സലഫി സഹോദരങ്ങൾ കമന്റുകൾ ഇടുന്നത്. അല്ലെങ്കിൽ ഇങ്ങനെയുള്ള മറുപടികൾ അവർക്ക് എഴുതേണ്ടി വരുന്നത്.

അബ്ദു റഹ്മാൻ പറയുന്നു: ''വിശുദ്ധ ഖുർആനിൽ പ്രവാചകനിൽ ഉണ്ടായിരുന്ന ആ സഹിഷ്ണുതാ മനോഭാവം പ്രത്യേകം എടുത്തു പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല, അതാണ് ഏറ്റവും കൂടുതൽ ആളുകളെ ഇസ്ലാമിലേക്ക് ആകർശിച്ചതും.

അല്ലാഹു പറയുന്നു:

«فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ»

''(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു.'' (ആലു ഇംറാൻ: 159)''

നബി -ﷺ- കാഫിറുകളോട് വളരെ സഹിഷ്ണുതയുള്ളവരായിരുന്നു എന്ന് പറയുന്നതിന് വേണ്ടി അബ്ദു റഹ്മാൻ എന്തിനാണ് ഈ ആയത്ത് എടുത്തു കൊടുത്തതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കാരണം ഈ ആയത്ത് മുഅ്

മിനീങ്ങളോടുള്ള നബി-ﷺ-യുടെ പെരുമാറ്റം വിശദീകരിക്കു ന്ന ആയത്താണ്. ഈ ആയത്തിന്റെ പൂർണമായ രൂപം വായി ച്ചാൽ ഏതൊരാൾക്കും അത് മനസ്സിലാവുകയും ചെയ്യും.

«فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ»

"(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊ ണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നി ന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരു ന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർ ക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളി ൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങ നെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭ രമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്." (ആലു ഇംറാൻ: 159)

ഈ ആയത്തിൽ അല്ലാഹു നബി-ﷺ-യോട് അവർക്ക് വേ ണ്ടി പാപമോചനം തേടാനും, അവരോട് കാര്യങ്ങളിൽ കൂടി യാലോചിക്കാനും കൽപ്പിച്ചിട്ടുണ്ട്. ഇനി കാഫിറുകൾക്ക് വേ ണ്ടി നബി -ﷺ- പാപമോചനം തേടിയിരുന്നെന്നും, അവരോട് കാര്യങ്ങളെല്ലാം കൂടിയാലോചിച്ചിരുന്നുവെന്നും കൂടി നാളെ അബ്ദു റഹ്മാൻ പറയുമോ?

ഇത് 'ഏറ്റവും ലളിതമായി' പറഞ്ഞാൽ ദുർവ്യാഖ്യാനമാണ്. അല്ലെങ്കിൽ, എഴുതുന്ന സന്ദർഭത്തിലുള്ള സൂക്ഷ്മതക്കുറവി ൽ നിന്നുണ്ടായ അബദ്ധം. രണ്ടാണെങ്കിലും ഉടനെ തിരുത്തേ ണ്ടതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം അബ

ദ്ധങ്ങൾ ഒരാളുടെ വൈജ്ഞാനികമായ വിശ്വസ്തതയിൽ സംശയം ജനിപ്പിക്കുകയും, ഇതിൽ തുടർന്നു പോകുന്നത് അദ്ദേഹത്തെ അസ്വീകരാന്യാക്കുകയും ചെയ്തേക്കാം. അല്ലാഹു നമ്മെ കാക്കട്ടെ.

പിന്നീട് അനേകം വിഷയങ്ങൾ ബറാഅതിലുള്ള അതിരുകവിച്ചിലായി അബ്ദു റഹ്മാൻ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അമുസ്ലിം രാഷ്ട്രങ്ങളുമായി കൂടിക്കാഴ്ച്ച നടത്തുന്നതും, അവരുമായി വാണിജ്യ കരാറുകളിൽ ഏർപ്പെടുന്നതും, പ്രതിരോധ കരാറുകളും സമാധാന കരാറുകളും ഒപ്പു വെക്കുന്നതുമെല്ലാം നിഷിദ്ധമാണെന്ന് കരുതുന്ന ഒരു വിഭാഗം അതിരു കവിഞ്ഞവരാണെന്ന് അബ്ദു റഹ്മാൻ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. കാഫിറുകളോടൊപ്പം ഭക്ഷണം കഴിക്കാൻ പാടില്ല, അവരോടൊപ്പം ഇരിക്കാൻ പാടില്ല എന്നിങ്ങനെ ഇസ്ലാം ഒരിക്കലും പഠിപ്പിച്ചിട്ടില്ലാത്ത കാര്യങ്ങൾ ഇവർ പ്രാവർത്തികമാക്കുന്നുണ്ടെന്നും അബ്ദു റഹ്മാൻ വിശദീകരിച്ചിട്ടുണ്ട്. ഈ പറഞ്ഞതിലൊന്നും നമുക്ക് വിയോജിപ്പില്ലാത്തത് കൊണ്ടും, ഇത് വലാഅ് ബറാഇൽ പെട്ടതല്ല യഥാർഥത്തിൽ, മറിച്ച് പരസ്പരമുള്ള –ഇടപാടുകളിൽ പെട്ടതാണ്– എന്നത് കൊണ്ടും അതിനെ കുറിച്ച് അധികമൊന്നും പറയാൻ മുതിരുന്നില്ല.

എന്നാൽ, സിറാജുൽ ഇസ്ലാമിനെ പോലുള്ളവരും വിസ്ഡം നേതാക്കന്മാരും പരസ്പരമുള്ള ഇടപാടുകളെയും വലാഅ് ബറാഇനെയും പലപ്പോഴും കൂട്ടിക്കലർത്താറുള്ളത് കൊണ്ട് ഒന്നും പറയാതെ വിടാനും വയ്യ. കാഫിറുകളോട് ബറാഅത്ത് പ്രഖ്യാപിക്കുക എന്നതും, അവരെ വെറുക്കുക എന്നതുമെല്ലാം നിർബന്ധമാണെന്ന് പറയുമ്പോൾ, നബി -ﷺ- അവരോടൊപ്പം കച്ചവടം ചെയ്തിട്ടുണ്ട്, അവരോട് കരാറിലേർപ്പെട്ടു എന്നിങ്ങനെ പലതും ഇവർ എടുത്തു കൊണ്ടു വരാറുണ്ട്.

യഥാർഥത്തിൽ ബറാഅതിന്റെ വിഷയം വേറെ. മുആമലതിന്റെ –ഇടപാടുകളുടെ– വിഷയം വേറെ. നീ കാഫിറായ ഒരു

ത്തന്റെ കയ്യിൽ നിന്ന് ഒരു കിലോ പഞ്ചസാര അൻപത് രൂപ കൊടുത്ത് വാങ്ങിച്ചാൽ അതിൽ സ്നേഹത്തിനും വെറുപ്പിനുമെല്ലാമെന്ത് സ്ഥാനം?

പത്ത് കൊല്ലം പരസ്പരം നമ്മൾ യുദ്ധം ചെയ്യില്ല എന്ന് ഹുദൈബിയ്യ സന്ധിയിൽ നബി -ﷺ- കരാർ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ സ്നേഹത്തിനെന്തു പങ്കാണുള്ളത്? യഥാർഥത്തിൽ അവർ പരസ്പരം വെറുപ്പിലും ദേഷ്യത്തിലുമായിരുന്നു എന്നാണ് അതിൽ സൂചനയുള്ളത്. കാരണം ഈ കരാറില്ലെങ്കിൽ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും അവർ യുദ്ധം ചെയ്തേനേ. കരാർ കാലാവധി കഴിഞ്ഞാലും അവർ അങ്ങോട്ടുമിങ്ങോട്ടും യുദ്ധം ചെയ്യും. അപ്പോൾ പിന്നെ കരാറിലെന്തു സ്നേഹമാണ് ബാക്കിയുള്ളത്?

ഇതിനൊന്നും വലാഉം ബറാഉമായി പ്രത്യക്ഷ ബന്ധമില്ല. ഇത്തരം കാര്യങ്ങളെല്ലാം നിഷിദ്ധമാണെന്ന് പറയുന്നവർക്ക് മറുപടി പറയുമ്പോൾ പണ്ഡിതന്മാർ പോലും പറയാറുള്ളത്: ഇതൊന്നും വലാഇലോ ബറാഇലോ പെട്ടതല്ല; അവയെല്ലാം കേവല ഇടപാടുകൾ മാത്രമാണെന്നാണ്.

കാഫിറുകളോടൊപ്പം ഇരിക്കുന്നതിനെയും, അവരോട് പുഞ്ചിരിക്കുന്നതിനെയും വിലക്കുന്നവരും ബറാഅതിൽ അതിരു കവിഞ്ഞവരാണെന്ന് അബ്ദു റഹ്മാൻ പറഞ്ഞിട്ടുണ്ട്. അതിലും ചില അവ്യക്തതകൾ ബാക്കിയുണ്ട്.

കാഫിറുകളോടൊപ്പം കൂട്ടുകൂടി വഴിവക്കിലെ കലുങ്കിൽ സൊറയും പറഞ്ഞിരിക്കുന്നതാണ് അബ്ദു റഹ്മാൻ ഉദ്ദേശിച്ചതെങ്കിൽ ആ ഇരുത്തം അത്ര പറ്റിയതല്ല. അതേ പോലെ കാഫിറും മുസ്ലിമും ഒരുമിച്ച്, തോളോടു തോളും ചേർന്ന്, അവനിങ്ങോട്ട് പുടവയണിച്ചും, ഇവിടുന്നങ്ങളോട്ട് കെട്ടിപ്പിടിച്ചും –നിങ്ങളുടെ നേതാക്കൾ ചെയ്യുന്നത് പോലെ– സ്റ്റേജിൽ ഇരിക്കുന്നതാണ് ഉദ്ദേശമെങ്കിലും അതത്ര പന്തിയില്ല.

എന്നാൽ ബസ്സിൽ കയറിയപ്പോൾ ഒഴിഞ്ഞ സീറ്റിൽ ഇരിക്കുമ്പോൾ കാഫിറാണോ മുസ്ലിമാണോ അടുത്തിരിക്കുന്നതെന്ന് നോക്കണമെന്നൊന്നും പറയാൻ പാടില്ലെന്നാണ് അബ്ദു റഹ്മാന്റെ ഉദ്ദേശമെങ്കിൽ –അതെ!– അബ്ദു റഹ്മാൻ പറഞ്ഞത് ശരിയാണ്. ഇത് പോലെ തന്നെയാണ് ചിരിയും മറ്റുമൊക്കെ. ശൈഖ് ഇബ്നു ഉഥൈമീന്റെ - : - വാക്കുകൾ മേലെ ഉദ്ധരിച്ചതിനാൽ വീണ്ടും അക്കാര്യം ആവർത്തിക്കുന്നില്ല.

അബ്ദു റഹ്മാൻ പറയുന്നു: ''ശൈഖ് സ്വാലിഹ് അസ്സുഹൈമി അബ്ദുല്ലതീഫ് ആലു ശ്ശെഖിന്റെ ഒരു തക്ഫീറിനെ സംബന്ധിച്ച ഒരു രിസാല ഞങ്ങൾക്ക് ദർസെടുക്കുന്ന സമയത്ത് 'ഇന്ന് ലോകത്ത് ഒട്ടു മിക്ക യുവാക്കൾക്കും അനുവദനീയമായ വലാഉം ബറാഉം നിഷിദ്ധമായ വലാഉം ബറാഉം അറിയില്ല' എന്ന് പറഞ്ഞത് ഓർക്കുന്നു.''

അബ്ദു റഹ്മാൻ ശൈഖിന്റേതായി ഉദ്ധരിച്ച വാക്ക് വളരെ സത്യമാണ്. നമ്മുടെ നാട്ടിലും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. എങ്ങനെ നിലനിൽക്കാതിരിക്കും? ഹുസൈൻ സലഫിയെ പോലുള്ള പ്രാസംഗികർ തങ്ങളുടെ ക്ലാസുകളിൽ പറഞ്ഞു കൊടുക്കുന്നത് 'ചില രോഗമുള്ളവർ മാത്രമേ വലാഅ് ബറാഅ് പോലുള്ള പദങ്ങൾ കേൾക്കുകയുള്ളൂ' എന്നാണ്. രോഗമുള്ളവർ മാത്രം കേൾക്കേണ്ട ഒരു പദം പിന്നെന്തിനാണ് വിസ്ഡം പോലെ ആഗോള തലത്തിൽ തന്നെ (കേരളീയ) ഇസ്ലാമിനെ കയറ്റി അയക്കുന്ന ഒരു വിഭാഗത്തിന്റെ പ്രവർത്തകർ കേൾക്കുന്നത്?

അനുവദനീയവും നിഷിദ്ധവുമൊക്കെ പോയിട്ട് 'വലാഅ് ബറാഅ്' എന്ന വാക്ക് തന്നെ അവര് കേട്ടിട്ടില്ല. അതിന് കാരണമായിട്ടുള്ളത് അബ്ദു റഹ്മാനും സംഘവും ചേർന്നൊട്ടി നിൽക്കുന്ന വിസ്ഡം പോലുള്ള കക്ഷികളുടെ പ്രവർത്തനങ്ങളാണെന്ന് പറയുന്നത് ഒരിക്കലും അധികമാവുകയില്ല.

വലാഇലും ബറാഇലും അതിരുകവിയുന്ന ചിലരെ ആക്ഷേപിച്ചു കൊണ്ട് അബ്ദു റഹ്മാൻ പറയുന്നു: ''പരുഷമായ ഭാഷമാത്രം ശീലമാക്കുകയും, ആളുകളെ അല്ലാഹുവിന്റെ ദീനിൽ നിന്ന് അകറ്റുകയും ചെയ്യുന്ന ഇത്തരം ആളുകൾ ഏറെ അപകടകാരികളാണ്. പ്രബോധന രംഗത്ത് ഗുണത്തെക്കാളേറെ ദോഷമാണ് ഇവർ വരുത്തി വെക്കുന്നത്.''

അബ്ദു റഹ്മാൻ പറഞ്ഞതിനോട് പൂർണമായും യോജിക്കുന്നു. വലാഇലും ബറാഇലുമുള്ള അപക്വമായ ചിലരുടെ ഇടപെടലുകൾ –കാഫിറുകളും മുസ്ലിംകളും ഇടകലർന്ന് താമസിക്കുന്ന ഇതു പോലൊരു നാട്ടിൽ പ്രത്യേകിച്ച്– വലിയ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാക്കുമെന്നതിൽ സംശയമില്ല. ഇസ്ലാമിനെയും മുസ്ലിമീങ്ങളെയും തെറ്റിദ്ധരിക്കുന്നതിലേക്കും, ചിലപ്പോഴെല്ലാം അതിൽ നിന്ന് ജനങ്ങൾ അകന്നു പോകുന്നതിലേക്കും വരെ ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ കാരണമായേക്കാം.

പക്ഷേ, ഇതിന്റെ നേർവശവും നാം കാണാതെ പോകരുത്. കാഫിറുകളും മുസ്ലിമീങ്ങളും ഇടകലർന്ന് താമസിക്കുന്ന ഇതു പോലുള്ളൊരു നാട്ടിൽ ഇസ്ലാമിക അഖീദയുടെ നെടുന്തൂണുകളിലൊന്നായ വലാഉം ബറാഉം പഠിപ്പിച്ചു നൽകിയിട്ടില്ലെങ്കിലുണ്ടാകുന്ന അപകടവും ഭീകരം തന്നെയാണ്. ദുനിയാവിൽ അങ്ങേയറ്റത്തെ അപമാനം പേറി ജീവിക്കുന്നതിലേക്കും, ചിലപ്പോൾ കാഫിറുകളുമായി കൂടിക്കലർന്ന് കുഫ്റിൽ എത്തിച്ചേർന്ന്, മരണശേഷം ശാശ്വതമായ നരകവാസത്തിലേക്കുമാണ് ഈ വിഷയത്തിലുള്ള നിശബ്ദത ജനങ്ങളെ എത്തിക്കുകയെന്നതും അബ്ദു റഹ്മാൻ പറയാതെ പോകരുത്.

എന്തായാലും അബ്ദു റഹ്മാൻ അക്കാര്യം പറയാതെ വിട്ടുപോയത് കൊണ്ട് ചിലതെല്ലാം ഞാൻ ഓർമ്മപ്പെടുത്താം. വലാഉം ബറാഉമെന്ന വിഷയത്തിന് ഇസ്ലാമിൽ എന്തു മാത്രം പ്രാധാന്യമുണ്ടെന്ന് വായനക്കാർക്ക് മനസ്സിലാകുമല്ലോ?

അല്ലാഹുവിന്റെ മാർഗത്തിലുള്ള സ്നേഹവും, അവന്റെ മാർ ഗത്തിലുള്ള വെറുപ്പുമാണ് 'വലാഉം ബറാഉമെന്ന്' മുൻപ് പറ ഞ്ഞല്ലോ. അതിനാൽ കാഫിറുകളെ വെറുക്കുകയും, അവരോ ട് അകൽച്ചയിൽ നിൽക്കുകയും, അവരുടെ വിശ്വാസത്തിൽ നിന്നും അവരിൽ നിന്നുമെല്ലാം ബന്ധവിഛേദനം പ്രഖ്യാപി ക്കുകയും വേണം. ഈ പറഞ്ഞ കാര്യം ഇസ്ലാമിന്റെ അടിത്ത റകളിലൊന്നാണ്. അല്ല! ശഹാദത് കലിമയുടെ തേട്ടങ്ങളിൽ പെട്ടതാണത്.

അപ്രകാരം കാഫിറുകളിൽ നിന്ന് അകന്നു നിൽക്കുന്നതി നും, അവരോടുള്ള ശത്രുത വെളിവാക്കുന്നതിനും നമുക്കുള്ള മാതൃക ഇബ്രാഹീം നബി - ÷ - യിലാണ്.

«قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ»

''നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ള വരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങ ളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമാ യും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായു ള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവ രാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങ ൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേ ക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷ വും പ്രകടമാവുകയും ചെയ്തിരിക്കുന്നു.'' (മുംതഹന: 4)

ശൈഖ് നാസിർ അസ്സഅ്ദി ഈ ആയത്തിന്റെ തഫ്സീറിൽ പറഞ്ഞു: ''നമുക്കും നിങ്ങൾക്കുമിടയിൽ ഹൃദയത്തിൽ വെറു പ്പുടലെടുക്കുകയും, പരസ്പരമുള്ള സ്നേഹം ഇല്ലാതാവുക യും ചെയ്തിരിക്കുന്നു. നമ്മുടെ ശരീരങ്ങൾ പരസ്പരം ശത്രു

തയിലാണ്. ഈ ശത്രുതയും വെറുപ്പും ഒരിക്കലും അവസാനിക്കില്ല; നിങ്ങൾ നിങ്ങളുടെ കുഫ്റിൽ തുടരുന്നത് വരെ. എന്നാൽ നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിച്ചു കഴിഞ്ഞാൽ നമുക്കിടയിലെ ശത്രുത ഇല്ലാതെയാവുകയും, അത് സ്നേഹമായി മാറുകയും ചെയ്യും.'' (തഫ്സീറുസ്സഅ്ദി: 854)

ഇബ്രാഹീം നബി- ÷ -യുടെ മാർഗമാണിത്. ഇതിൽ നിങ്ങൾക്ക് മാതൃകയുണ്ടെന്നാണ് അല്ലാഹു -- - പറയുന്നത്. ഇതിനെ കുറിച്ച് ചോദിച്ചപ്പോൾ വിസ്ഡം പ്രഭാഷകരിലെ ഒരു പ്രസിദ്ധ ദേഹം പറഞ്ഞത്: 'ഇതൊന്നും ന്യൂനപക്ഷ സമൂഹത്തിൽ പറയാൻ പറ്റില്ലെന്നാണ്'.

ഈ വിഡ്ഢിക്കറിയുമോ ചരിത്രം?!

ഇബ്രാഹീം നബി- ÷ -യെക്കാൾ ന്യൂനപക്ഷമായ ഒരു സമൂഹത്തെ നിനക്കറിയുമോ? നാട്ടുകാരെല്ലാം കല്ലെറിഞ്ഞോടിക്കുകയും, തീകുണ്ഡത്തിലെറിയുകയും ചെയ്തപ്പോഴും ഒറ്റക്ക് നിന്ന മഹാനായ ഇബ്രാഹീം നബി – ÷ – ന്യൂനപക്ഷമല്ലെങ്കിൽ പിന്നെന്താണ്?

ന്യൂനപക്ഷമാണെങ്കിൽ കൂടി വലാഉം ബറാഉം പഠിപ്പിക്കുന്നതിലും, പ്രഖ്യാപിക്കുന്നതിലും പിന്നോട്ട് പോകരുതെന്നതിന് ഏറ്റവും വലിയ തെളിവാണ് ഈ ഖുർആൻ ആയത്ത്. അത് കൊണ്ട് വിസ്ഡം പ്രഭാഷകരുടെ തെറ്റിദ്ധരിപ്പിക്കലുകളിൽ വഞ്ചിതരായിട്ടുള്ള നിഷ്കളങ്കരായ സഹോദരങ്ങളെ ഓർമ്മപ്പെടുത്താനുള്ളത്; നിങ്ങൾ ഖുർആനിന്റെയും സുന്നത്തിന്റെയും മാർഗത്തിലേക്ക് തിരിച്ചു വരണമെന്നും, ഇവരുടെ ഇത്തരം തെറ്റിദ്ധരിപ്പിക്കലുകളെ അകലേക്ക് വലിച്ചെറിയണമെന്നുമാണ്.

കാഫിറുകളെ കരുതിയിരിക്കുകയും, അവരെ അകറ്റി നിർത്തുകയും ചെയ്തില്ലെങ്കിൽ നമ്മുടെ ദീനിൽ നിന്ന് നാം അറിയാതെ വ്യതിചലിച്ചു പോകുന്നതിനും, അങ്ങനെ ശാശ്വത നരകവാസികളിൽ നമ്മൾ അകപ്പെടാനുമത് കാരണമായേക്കാം.

കാരണം നമ്മെ –മുസ്ലിംകളെ– കുഫ്റിലേക്കും ശിർക്കിലേക്കും എത്തിക്കുക എന്നത് കാഫിറുകൾ അങ്ങേയറ്റം ആഗ്രഹിക്കുകയും, അതിനായി വ്യത്യസ്ത തരത്തിലുള്ള പരിശ്രമങ്ങൾ അവർ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

«وَدُّواْ لَوْ تَكْفُرُونَ كَمَا كَفَرُواْ فَتَكُونُونَ سَوَاءً فَلاَ تَتَّخِذُواْ مِنْهُمْ أَوْلِيَاء حَتَّىَ يُهَاجِرُواْ فِي سَبِيلِ اللَّهِ»

''അവർ കാഫിറായത് പോലെ നിങ്ങളും കാഫിറാവുകയും, അങ്ങനെ നിങ്ങളെല്ലാം ഒരുപോലെയായിത്തീരുകയും ചെയ്യാനാണ് അവർ കൊതിക്കുന്നത്.'' (നിസാഅ്: 89)

«يَاأَيُّهَا الَّذِينَ آمَنُوا إِنْ تُطِيعُوا فَرِيقًا مِنَ الَّذِينَ أُوتُوا الْكِتَابَ يَرُدُّوكُمْ بَعْدَ إِيمَانِكُمْ كَافِرِينَ»

''മുഅ്മിനീങ്ങളേ, വേദഗ്രന്ഥം നൽകപ്പെട്ടവരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരിക്കുന്ന പക്ഷം നിങ്ങൾ ഈമാൻ സ്വീകരിച്ചതിന് ശേഷം അവർ നിങ്ങളെ കാഫിറുകളാക്കി മാറ്റിയേക്കും.'' (ആലു ഇംറാൻ: 100)

«وَلَا يَزَالُونَ يُقَاتِلُونَكُمْ حَتَّى يَرُدُّوكُمْ عَنْ دِينِكُمْ إِنِ اسْتَطَاعُوا وَمَنْ يَرْتَدِدْ مِنْكُمْ عَنْ دِينِهِ فَيَمُتْ وَهُوَ كَافِرٌ فَأُولَئِكَ حَبِطَتْ أَعْمَالُهُمْ فِي الدُّنْيَا وَالْآخِرَةِ وَأُولَئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ»

''അവർക്ക് സാധിക്കുകയാണെങ്കിൽ നിങ്ങളുടെ മതത്തിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്നത് വരെ അവർ നിങ്ങളോട് യുദ്ധം ചെയ്തുകൊണ്ടിരിക്കും. നിങ്ങളിൽ നിന്നാരെങ്കിലും തന്റെ മതത്തിൽ നിന്ന് പിൻമാറി കാഫിറായിക്കൊണ്ട് മരണപ്പെടുന്ന പക്ഷം, അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും

നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.'' (ബഖറ: 217)

ചുരുക്കത്തിൽ, മുഅ്മിനീങ്ങളോട് ചേർന്നു നിൽക്കുകയും കാഫിരീങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുക എന്ന ഈ പരമപ്രധാനമായ അടിസ്ഥാനം ഓരോ വിശ്വാസിയുടെയും മനസ്സിൽ ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ മേൽ പറഞ്ഞതും, അതല്ലാത്തതുമായ അനേകം കുഴപ്പങ്ങൾ മുസ്ലിം ഉമ്മത്തിൽ ഉടലെടുത്തേക്കാം.

ഈ പ്രധാനപ്പെട്ട അടിസ്ഥാനത്തിൽ ഇന്നുള്ള മുജാഹിദ് സംഘടനകൾക്ക് വലിയ പിഴവുണ്ടെന്ന് തെളിയിക്കാൻ അധികമൊന്നും പരതേണ്ടതില്ല. കാഫിറുകളുടെയും മുശ്‌രിക്കുകളുടെയും അബദ്ധവാദങ്ങൾക്കും ജൽപ്പനങ്ങൾക്കും –എന്തിനധികം! അല്ലാഹുവിനെയും റസൂലിനെയും അവർ ചീത്ത വിളിക്കുന്നതിന് പോലും– മറുപടി പറയുമ്പോൾ ഈ വിഭാഗം പാലിക്കുന്ന സൂക്ഷ്മതയും, വാക്കുകളിലെ തേനൊലിപ്പിക്കലും ആർക്കും പ്രകടമാണ്.

എന്നാൽ ഇതേ മനുഷ്യൻ തന്നെ, അവന്റെ മുസ്ലിം സഹോദരനെ –സംഘടനാപരമോ മറ്റെന്തെങ്കിലുമോ കാരണങ്ങളുടെ പേരിൽ ആക്ഷേപിക്കുകയാണെങ്കിലോ! സുബ്ഹാനല്ലാഹ്! മനുഷ്യരൊന്നടങ്കം ലജ്ജിക്കുന്ന പദപ്രയോഗങ്ങളും, വ്യത്തികെട്ട സൂചനകളും മറ്റും കൊണ്ട് നിറഞ്ഞതായിരിക്കും അവന്റെ സംസാരം.

കേരളത്തിലെ മുസ്ലിം സംഘടനകൾ പരസ്പരം വിമർഷിക്കുമ്പോൾ പറയാറുള്ള പലതിന്റെയും ആയിരത്തിൽ ഒരംശമെങ്കിലും കാഫിറുകളെ ആക്ഷേപിച്ചു കൊണ്ട് ഇവർ പറയുന്നുണ്ടാകില്ല.

അബ്ദു റഹ്മാന്റെ തന്നെ കാര്യം നോക്കൂ! ജനാധിപത്യ വിഷയത്തിൽ ചിലതെല്ലാം സംസാരിക്കുകയും വോട്ടിംഗിന്റെ

വിഷയത്തിൽ എതിർത്തു സംസാരിക്കുകയും ചെയ്ത ചില രെ ഉടനെ അദ്ദേഹം ഖവാരിജുകളോട് സാദൃശ്യമുള്ളവരും മ റ്റുമൊക്കെയാക്കി.

എന്നാൽ വലാഉം ബറാഉം വിശദീകരിക്കാനെന്നോണം എ ഴുതിയ ഈ ലേഖനം മുഴുവൻ വായിക്കുക! ഈ ലേഖനത്തി ലെവിടെയും –ഒരിടത്ത് പോലും– കാഫിർ എന്ന പദമില്ല. വ ലാഉം ബറാഉം വിശദീകരിക്കുന്ന സ്വാലിഹ് അൽ–ഫൗസാ ന്റെ പുസ്തകം വിവർത്തനം ചെയ്ത അബ്ദുൽ ജബ്ബാർ മദീ നിയും ഇപ്രകാരം തന്നെയാണ് ചെയ്തത്. ആ പുസ്തകത്തി ലെവിടെയും കാഫിർ എന്ന പദമില്ല!

സലഫി ആദർശം പിൻപറ്റുന്ന സഹോദരങ്ങളെ ദമ്മാജിക ളെന്നും, പിന്തിരിപ്പന്മാരെന്നും, ഇടുങ്ങിയ മനസ്സുള്ളവരെന്നും വിശേഷിപ്പിക്കുന്നവർ ഇന്നു വരെ കുഫ്റിന്റെയും ശിർക്കിന്റെ യും നേതാക്കന്മാരെ കുറിച്ച് –അവരെ നോവിച്ചെന്തെങ്കിലും– പറഞ്ഞിട്ടുണ്ടോ?

എല്ലാം പോട്ടെ! അല്ലാഹു അവർക്ക് നൽകിയ പേരായ കാ ഫിർ എന്ന പദം പോലും ഇവരുടെ പ്രസംഗങ്ങളിലോ ലേഖ നങ്ങളിലോ എവിടെയും സാധാരണ കാണാറില്ല! അല്ല! ഇനി കാഫിറുകളെല്ലാം ഭൂമിയിൽ വംശനാശമെങ്ങാനും സംഭവി ച്ചു പോയോ?

അതും പോട്ടെ! നിങ്ങളുടെ സംഘടനയെ എതിർത്തു എ ന്നതിന്റെ പേരിൽ പല പ്രാസംഗികരെയും നിങ്ങൾ വേദികളി ൽ അടുപ്പിക്കാറേയില്ല. അവരിൽ പലരും കാലങ്ങളോളം നി ങ്ങളോടൊപ്പം നിന്നിരുന്നവരും, ഒരുമിച്ചു പ്രവർത്തിച്ചിരുന്ന വരുമായിരുന്നല്ലോ? അവരിൽ ആരെയെങ്കിലും നിങ്ങൾ നി ങ്ങളുടെ വേദികളിൽ ക്ഷണിച്ചു വരുത്തുമോ? ഒന്നും വേണ്ട നിങ്ങൾക്ക് സ്വാധീനമുള്ള മസ്ജിദുകളിലെവിടെയെങ്കിലും ഒ രു അഞ്ചു മിനിട്ട് തസ്കിയത് ക്ലാസെങ്കിലുമെടുക്കാൻ സമ്മ തിക്കുമോ?

എന്നാൽ ഇതേ ആളുകൾ തന്നെ ഇസ്ലാമിനെയും മുസ്ലിമീങ്ങളെയും നശിപ്പിക്കണമെന്ന ഉദ്ദേശത്തോടെ നടക്കുന്ന വർഗീയ ഫാഷിസ്റ്റ് ശക്തികളെ തങ്ങളുടെ സ്റ്റേജുകളിൽ കയറ്റിയിരുത്തി ആദരിച്ചും, തണുത്ത ജ്യൂസും തിന്നാൻ ഈത്തപ്പഴവുമെല്ലാം നൽകി ആദരിക്കുന്നു. ഒരു വേള, അവരെ സാക്ഷിയാക്കി തങ്ങളുടെ മുസ്ലിം സഹോദരങ്ങളെ ഭീകരവാദികളെന്നും തീവ്രവാദികളെന്നും മുദ്രകുത്തുന്നു.

ആരോടാണ് നിങ്ങൾക്ക് കൂറ്? ഇസ്ലാമിനോടും മുസ്ലിംകളോടുമോ, അതല്ല കുഫ്റിനോടും കാഫിറുകളോടുമോ?

കാസർഗോഡ് വിസ്ഡം ഗ്രൂപ്പുമായി ബന്ധമുള്ള ചിലർ ഈയടുത്ത് സലഫിയ്യത്ത് മനസ്സിലാക്കിയ ചില സഹോദരങ്ങൾ ഐഎസിൽ ഉൾപ്പെട്ടവരാണെന്ന് സംശയമുണ്ടെന്നും പറഞ്ഞ് പോലീസിൽ പരാതി നൽകി. പോലീസ് അവരെ വിളിപ്പിച്ചു സംസാരിച്ചപ്പോൾ അവർക്ക് സത്യാവസ്ഥ മനസ്സിലായി. എന്നാൽ ഇന്നാ കുട്ടികളുടെ വീട്ടിലെ സ്ഥിതിയറിയുമോ അബ്ദു റഹ്മാന്? അവന്റെ പ്രയാസവും വേദനയും, അവന്റെ ഉമ്മയുടെ മനസ്സിലെ തീയും ഈ നേതാക്കന്മാർ എന്നെങ്കിലും ആലോചിച്ചിട്ടുണ്ടോ?

നിയാഫ് ബിൻ ഖാലിദ് എന്ന സലഫി സഹോദരന്റെ ക്ലാസുകളിൽ നിന്ന് ക്ലിപ്പുകൾ കട്ട് ചെയ്തു കൊണ്ടു പോയി പോലീസ് ഉദ്ധ്യോഗസ്ഥർക്ക് കേൾപ്പിച്ചു കൊടുത്ത് 'ഇത് തീവ്രവാദമല്ലേ സാറേ! ഇത് തീവ്രവാദമല്ലേ' എന്ന് ചോദിച്ചു നാണമില്ലാതെ ചെന്നത്രെ ചില വിസ്ഡം പ്രവർത്തകർ. ലോകോത്തര ദഅ്വത്തിന്റെ ചില മുഖങ്ങളാണിതൊക്കെ!

കഥകളേറെ പറയാനുണ്ട്; പക്ഷേ പലതും അല്ലാഹുവിലേക്ക് വിടുന്നു. അവൻ ഏറ്റവും നന്നായി കണക്കു നോക്കുന്നവനത്രെ.

ശരിയാണ് അബ്ദു റഹ്മാൻ! ഇവിടെ പലർക്കും ശരിയായ വലാഉം ബറാഉമറിയില്ല. അവർക്ക് വലാഇനോടടുത്ത സ്നേഹമുള്ളത് കാഫിറുകളോടും, ബറാഅതിനോടടുത്ത ദേഷ്യമുള്ളത് മുസ്ലിംകളോടുമാണെന്നവരുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ തോന്നിപ്പോകുന്നു. ഇടക്കൊക്കെ ഇതിനെതിരെയും ചിലതൊക്കെ എഴുതണം എന്നേ ഈ സന്ദർഭത്തിൽ പറയാനുള്ളൂ. അല്ലാഹുവാണ് വഴി കാണിക്കുന്നവൻ.

'അതത് നാടുകളിലെ ഉത്തരവാദിത്തപ്പെട്ടവരുമായും, ഭരണകൂടവുമായും സഹകരിച്ചും, പരസ്പരം നന്മയുടെ വിഷയത്തിൽ കൈകോർത്തും യുക്തിദീക്ഷയോടും കൂടെയാണ് ഒരു പ്രബോധകൻ പ്രവർത്തിക്കേണ്ടതെന്ന്' അബ്ദു റഹ്മാൻ പറഞ്ഞു വെക്കുന്നുണ്ട്.

ചുരുക്കത്തിൽ, ഇസ്ലാമിക ഭരണകൂടം നിലനിൽക്കാത്ത ഈ നാട്ടിൽ, കാഫിറുകൾ ഭരിക്കുന്ന ഈ നാട്ടിൽ, അവരുടെ ദീനിന് കടകവിരുദ്ധമായ ഇസ്ലാം പ്രബോധനം ചെയ്യാൻ അവരോട് സഹകരിച്ചും, അവരുമായി കൈകോർത്തും ശ്രമിക്കണമെന്നാണ് അബ്ദു റഹ്മാൻ പറയുന്നത്. എങ്ങനെയാണ് ഇത് സാധിക്കുക എന്ന് അബ്ദു റഹ്മാൻ പറഞ്ഞിട്ടില്ലെന്നത് കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

ഇതിന് തെളിവായി അബ്ദു റഹ്മാൻ ശൈഖ് ഇബ്നു ബാസ് - : - യുടെ ചില വാക്കുകളും എടുത്തു കൊടുക്കുന്നുണ്ട്. അബ്ദു റഹ്മാൻ നൽകിയ ഭാഗം ആദ്യം വായിക്കുക:

''അതു പോലെ തന്നെ എല്ലാ നാട്ടിലുമുള്ള പ്രബോധകർ അതത് നാടുകളിൽ നിലനിൽക്കുന്ന അനിസ്ലാമിക കാര്യങ്ങളെ പരിഹരിക്കാൻ ശ്രമിക്കുമ്പോൾ യുക്തിദീക്ഷയോടു കൂടിയും സദുപദേശം കൊണ്ടും നല്ല രീതിയിലുമാണ് അവരത് നിർവ്വഹിക്കേണ്ടത്. അവർ അതത് നാട്ടിലെ അധികാരികളുമായി നന്മയിൽ സഹകരിക്കുകയും, സൗമ്യമായ സമീപന

ത്തോടെയും രാജ്യവുമായി സഹകരിച്ചു കൊണ്ടും, നേരായ കാര്യങ്ങൾ അന്യോന്യം ഉപദേശിക്കുകയാണ് ചെയ്യേണ്ടത്. പ്രബോധകർക്ക് പ്രയാസമുണ്ടാകാതിരിക്കാനും, പ്രബോധനം തടസ്സപ്പെടാതിരിക്കാനുമാണത്. പ്രബോധനപ്രവർത്തനത്തിലെ യുക്തി എന്ന് പറയുന്നത് വളരെ നല്ല രീതിയിലൂടെ നന്മയിലും, തഖ്‌വയിലും പരസ്പരം സഹകരിച്ചു കൊണ്ട് തിന്മയെ നീക്കം ചെയ്യാനും, അതല്ലെങ്കിൽ തിന്മയെ കുറക്കാനും, അതു വഴി അതിന്റെ ഉപദ്രവം കുറക്കാനും പരിശ്രമിക്കുക എന്നുള്ളതാണ്.'' (ഫതാവ ഇബ്നു ബാസ്: 7/300)

മേൽ കൊടുത്ത ഉദ്ധരണി വായിച്ചപ്പോൾ എന്റെ മനസ്സിൽ വന്നത് മേൽ പറഞ്ഞ കാര്യം എല്ലാ രാജ്യങ്ങൾക്കും ബാധകമാണെന്നും, ഇസ്ലാമികമെന്നോ അനിസ്ലാമികമെന്നോ അതിൽ വ്യത്യാസമില്ലെന്നുമൊക്കെയാണ്. ഓരോ നാട്ടിലുമുള്ള ഭരണകൂടങ്ങളോട് –അതിനി കാഫിറുകളുടെ ഭരണകൂടമാണെങ്കിലും, ഇസ്ലാമിക ഭരണകൂടമാണെങ്കിലും ശരി; അവരോടെല്ലാം– സഹകരിച്ചു കൊണ്ട് പ്രബോധനം ചെയ്യണമെന്നാണ് ശൈഖ് ഉദ്ദേശിക്കുന്നതെന്നാണ് എനിക്ക് അബ്ദു റഹ്മാന്റെ എഴുത്തിൽ നിന്ന് മനസ്സിലായത്.

അബ്ദു റഹ്മാനും അങ്ങനെ തന്നെയാണ് മനസ്സിലായതെന്ന് ഞാൻ കരുതുന്നു; അല്ലാതെ വഴിയില്ല. കാരണം, ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് ഇബ്നു ബാസിന്റെ ഈ വാക്കുകൾ ഇങ്ങനെ വിവർത്തനം ചെയ്തിടണമെങ്കിൽ അതെല്ലാവർക്കും ബാധകമാണെന്നാണല്ലോ മനസ്സിലാക്കേണ്ടത്. അബ്ദു റഹ്മാൻ വിവർത്തനം ചെയ്തപ്പോൾ പറഞ്ഞതും അപ്രകാരം തന്നെയാണ്: 'എല്ലാ നാട്ടിലുമുള്ള പ്രബോധകർ' ചെയ്യേണ്ടതെന്താണെന്നാണ് അബ്ദു റഹ്മാൻ തന്നെ എഴുതിയിരിക്കുന്നത്.

ഇത്രയും മനസ്സിലായെങ്കിൽ, അബ്ദു റഹ്മാൻ വിവർത്തനം ചെയ്തതിന്റെ മുകളിലുള്ള –തൊട്ടു മുകളിലുള്ള– ചില വരികൾ വായിക്കുക.

ശൈഖ് പറയുന്നു: ''**നാം –അൽഹംദുലില്ലാഹ്– ഒരു ഇസ്ലാമിക നാട്ടിലാണ്.** ഈ നാട് നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. അതിനാൽ നന്മ (സ്ഥാപിക്കുന്നതിലും) തിന്മ ഇല്ലാതെയാക്കുന്നതിലും ഈ നാടിനോട് സഹകരിക്കുകയെന്നത് നിർബന്ധമാണ്. ഇഖലാസും സത്യസന്ധതയും അക്കാര്യത്തിൽ വേണ്ടതുണ്ട്.

(സമൂഹത്തിൽ) ചികിത്സിച്ചു മാറ്റേണ്ടതായിട്ടുള്ള കാര്യങ്ങൾ ചികിത്സിക്കുന്നതിന് ഭരണാധികാരികളുമായി എഴുത്തിലൂടെയും നേരിൽ കണ്ട് സംസാരിച്ചും പണ്ഡിതന്മാരുമായി സഹകരിച്ചുമൊക്കെ നാം ശ്രമിക്കണം. ഇപ്രകാരം എല്ലാ നാട്ടിലുമുള്ള പ്രബോധകർ ...'' പിന്നീടങ്ങോട്ട് അബ്ദു റഹ്മാന്റെ വിവർത്തനവും കൂട്ടി വായിക്കുക!

ഇപ്പോൾ കാര്യമാകെ മാറിമറിഞ്ഞു! ഇസ്ലാമിക രാജ്യത്ത് പാലിക്കേണ്ട മര്യാദകളെ കുറിച്ച് സംസാരിക്കുന്നതിനിടയിൽ ശൈഖ് പറഞ്ഞ ചില വാചകങ്ങളാണ് അബ്ദു റഹ്മാൻ സന്ദർഭത്തിൽ നിന്നടർത്തിയെടുത്തെന്നോണം ഇവിടെ വിവർത്തനം ചെയ്തിട്ടിരിക്കുന്നത്. ഇത് തട്ടിപ്പല്ലാതെ മറ്റെന്താണ്?!

ഭരണകൂടവുമായി സഹകരിക്കുകയെന്നത് കൊണ്ട് ശൈഖ് ഉദ്ദേശിക്കുന്നത് ഇസ്ലാമിക ഭരണകൂടമാണെന്ന് കരുതാൻ കാരണങ്ങൾ വേറെയുമുണ്ട്. കാരണം സഊദി പോലുള്ള രാജ്യങ്ങളിൽ മത നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്നും മറ്റും ഉറപ്പാക്കാൻ നിശ്ചയിക്കപ്പെട്ട പോലീസും കോടതിയുമെല്ലാമുണ്ട്. അവരുമായി സഹകരിച്ചാൽ നാട്ടിലെ തിന്മകൾ നീക്കം ചെയ്യാൻ കഴിയുമെന്നാണ് ശൈഖ് ഉദ്ദേശിച്ചിരിക്കുന്നതെന്നാണ് പിന്നീടുള്ള അദ്ദേഹത്തിന്റെ വാക്കുകൾ വായിച്ചാലും മനസ്സിലാകുന്നത്. കാര്യം അങ്ങനെയല്ലെങ്കിൽ അബ്ദു റഹ്മാൻ തന്നെ അത് തെളിയിക്കട്ടെ.

രസകരമായ കാര്യം അതല്ല. അബ്ദു റഹ്മാൻ വിവർത്തം അവസാനിപ്പിച്ചിടത്തുമുണ്ട് ചെറിയൊരു തരികിട. തിന്മ കുറക്കാനോ, അതിനെ ഇല്ലാതെയാക്കാനോ ശ്രമിക്കണമെന്നെല്ലാം പറഞ്ഞതിന് തൊട്ടു ശേഷം ശൈഖ് പറഞ്ഞ വാക്കുകളിതാണ്: ''(മേൽ പറഞ്ഞ പ്രബോധന പ്രവർത്തനങ്ങളിൽ) ഏറ്റവും പ്രധാനമായിട്ടുള്ളത് ഇസ്ലാമിക നിയമങ്ങൾ കൊണ്ട് വിധിക്കാൻ വേണ്ടി പ്രബോധനം ചെയ്യലാണ്.''

ഈ പറഞ്ഞത് അബ്ദു റഹ്മാൻ പൊടുന്നനെ വിഴുങ്ങുകയും ചെയ്തു! എന്തിനാണ് അബ്ദു റഹ്മാൻ അതൊഴിവാക്കിയത്?!

ഇസ്ലാമിക നിയമങ്ങൾ കൊണ്ട് ഇവിടെയുള്ള ഭരണകൂടം വിധിക്കണമെന്നത് പ്രബോധനം ചെയ്യാനാണ് ശൈഖ് പറഞ്ഞിട്ടുള്ളത്. രസകരമായ കാര്യം, അല്ലാഹു അവതരിപ്പിച്ചതിന് പുറമെയുള്ളത് കൊണ്ട് വിധിക്കൽ കുഫ്റാണെന്ന് പറഞ്ഞതിന്റെ പേരിൽ തന്നെ അബ്ദു റഹ്മാന്റെ സംഘടനാ സുഹൃത്തുക്കൾ ഉണ്ടാക്കാത്ത കുഴപ്പങ്ങളില്ല. ഇനി –ഈ രാജ്യത്ത്– അല്ലാഹുവിന്റെ വിധി കൊണ്ടേ വിധിക്കാൻ പാടുള്ളൂ എന്നും കൂടി പറഞ്ഞാൽ എന്തായിരിക്കും അവസ്ഥ?

തങ്ങൾക്ക് വേണ്ടതെല്ലാം വിവർത്തനം ചെയ്യുകയും, തങ്ങൾക്ക് യോജിക്കാത്ത വരികളോട് അസഹിഷ്ണുത കാണിക്കുകയും ചെയ്യുന്ന അബ്ദു റഹ്മാന്റെ രീതി വളരെ മോശമായി പോയി എന്നേ പറയാനുള്ളൂ. നേരത്തെ അബ്ദു റഹ്മാൻ ആക്ഷേപിച്ച ഇടുങ്ങിയ മനസ്സ് എന്നൊക്കെ പറയുന്നത് കുറച്ചു കൂടി യോജിക്കുക ഇത്തരം പ്രവർത്തനങ്ങൾക്കാണ്.

അബ്ദു റഹ്മാന്റെ ലേഖനത്തിലെ തിരിമറികൾ ഇവിടെയും അവസാനിക്കുന്നില്ല. അദ്ദേഹം പറയുന്നു: ''അല്ലാഹുവിന്റെ റസൂൽ ഇതര മതസ്ഥരോട് സ്വീകരിച്ച സമീപനം എന്തായിരുന്നു?! മദീനയിലേക്ക് അല്ലാഹുവിന്റെ റസൂൽ പാലായനം ചെയ്തപ്പോൾ മദീനത്തുള്ള ഒരൊറ്റ ജൂതനും കിടപ്പാടം നഷ്ടപ്പെട്ടില്ല. അവർ അവിടെ നിന്ന് പാലായനം ചെയ്യേണ്ടി വന്നില്ല.''

നബി-ﷺ-യുടെ ഹദീഥ് മറന്നു കൊണ്ടാണോ, അതല്ല മറന്നുവെന്ന് നടിച്ചു കൊണ്ടാണോ അബ്ദു റഹ്മാൻ മേലെ പറഞ്ഞതെല്ലാം എഴുതിയതെന്ന് എനിക്കറിയില്ല.

«أَخْرِجُوا المُشْرِكِينَ مِنْ جَزِيرَةِ العَرَبِ، وَأَجِيزُوا الوَفْدَ بِنَحْوِ مَا كُنْتُ أُجِيزُهُمْ»

നബി -ﷺ- അവിടുത്തെ വഫാതിന്റെ സന്ദർഭത്തിൽ പറഞ്ഞതിപ്രകാരമാണ്: ''നിങ്ങൾ മുശ്രികീങ്ങളെ ജസീറതുൽ അറബിൽ നിന്ന് പുറത്താക്കുക. ഞാൻ നിവേദകസംഘങ്ങൾക്ക് അനുമതി നൽകിയിരുന്നത് പോലെ നിങ്ങളും ചെയ്യുക.'' (ബുഖാരി: 3053, മുസ്ലിം: 1637)

«لَأُخْرِجَنَّ الْيَهُودَ، وَالنَّصَارَى مِنْ جَزِيرَةِ الْعَرَبِ حَتَّى لَا أَدَعَ إِلَّا مُسْلِمًا»

നബി -ﷺ- പറഞ്ഞു: ''യഹൂദികളെയും നസ്വ്റാനികളെയും ഞാൻ ജസീറതുൽ അറബിൽ നിന്ന് പുറത്താക്കുക തന്നെ ചെയ്യും. അവിടെ മുസ്ലിമിനെയല്ലാതെ ഞാൻ ബാക്കി വെക്കുകയില്ല.'' (മുസ്ലിം: 1767)

ജസീറതുൽ അറബ് എന്നത് കൊണ്ടുള്ള ഉദ്ദേശം മക്കയും മദീനയും മാത്രമാണോ, അതിന് പുറമെയുള്ളതും അതിൽ പെടുമോ എന്നെല്ലാം പണ്ഡിതന്മാർക്ക് ചർച്ചയുണ്ട്. മാത്രമല്ല, ഒരു യഹൂദനെയും നസ്വ്റാനിയെയും ബാക്കി വെക്കാതെ എല്ലാവരെയും പുറത്താക്കണമെന്നല്ല, മറിച്ച് അവർക്ക് സ്വാധീനം ഉണ്ടാകുന്ന രൂപത്തിൽ അവരെ ബാക്കി വെക്കരുതെന്നാണ് ഹദീഥിന്റെ ഉദ്ദേശമെന്നുമുള്ള ചർച്ചകളൊക്കെ അവിടെ നിൽക്കട്ടെ.

അബ്ദു റഹ്മാൻ പറഞ്ഞത്: ''നബി -ﷺ- പാലായനം ചെയ്തപ്പോൾ മദീനത്തുള്ള –ശ്രദ്ധിക്കുക!– 'ഒരൊറ്റ ജൂതനും' കിടപ്പാടം നഷ്ടപ്പെട്ടിട്ടില്ല'' എന്നാണ്. ഇതും റസൂലുല്ല പറഞ്ഞ ഹദീഥുമെവിടെ?!

യഹൂദന്മാരെ നബി -ﷺ- പുറത്താക്കിയിട്ടുണ്ട്. അവരെ പുറത്താക്കാൻ കഴിഞ്ഞു എന്നത് അല്ലാഹുവിൽ നിന്നുള്ള അപാരമായ സഹായമായി അല്ലാഹു ഖുർആനിൽ എണ്ണിപ്പറയുകയും ചെയ്തിട്ടുണ്ട്.

ഈ പറഞ്ഞ സംഭവത്തെ കുറിച്ചും അബ്ദു റഹ്മാൻ എഴുതിയിട്ടുണ്ട്. അതിപ്രകാരമാണ്: ''നബി-ﷺ-യെ മക്കയിലെ സ്വവസതിയിൽ നിന്നും പുറത്താക്കിയ ശത്രുക്കളുമായിച്ചേർന്ന് ഗൂഢാലോചന നടത്തുകയും, കരാർ ലംഘിക്കുകയും ചെയ്യുക വഴി സ്വയം പുറത്ത് പോകാൻ വഴിയൊരുക്കുകയാണ് അവർ (യഹൂദന്മാർ) ചെയ്തത്.''

അതായത്, യഹൂദർ സ്വയം പുറത്തു പോകാൻ കാരണമുണ്ടാക്കിയത് കൊണ്ട് മാത്രം പുറത്തു പോയതാണ്. അല്ലാതെ, നബി -ﷺ- അവരെ പുറത്താക്കിയിട്ടില്ലെന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. എന്നാൽ മേലെ നൽകിയ ഹദീഥിൽ യഹൂദരെയും നസ്വ്റാനികളെയും പുറത്താക്കാൻ നബി -ﷺ- കൽപ്പന നൽകിയത് കരാർ ലംഘിച്ചതു കൊണ്ടാണോ?!

ചുരുക്കത്തിൽ, നബി -ﷺ- കരാർ പാലിക്കാത്തതിന്റെ പേരിലല്ലാതെ തന്നെ യഹൂദരെയും നസ്വാറാക്കളെയും ജസീറതുൽ അറബിൽ നിന്ന് പുറത്താക്കാൻ കൽപ്പിച്ചിട്ടുണ്ട്.

അബ്ദു റഹ്മാൻ പറയുന്നു: ''ഇതര മതസ്ഥർ അയൽപക്കങ്ങളിൽ ഉണ്ടാകാൻ പാടില്ലെന്ന് നബി -ﷺ- പഠിപ്പിച്ചിട്ടില്ല.''

അയൽപക്കങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ കാഫിറുകൾ താമസിക്കുന്നതിനെ നബി -ﷺ- വിലക്കിയിട്ടില്ലായിരിക്കാം. എന്നാൽ കാഫിറുകളുടെ തിങ്ങിത്താമസിക്കുന്ന ഇടങ്ങളിലും, അവരുടെ നാടുകളിലും താമസിക്കരുതെന്ന് നബി -ﷺ- പറഞ്ഞിട്ടുണ്ട്.

«أَنَا بَرِيءٌ مِنْ كُلِّ مُسْلِمٍ يُقِيمُ بَيْنَ أَظْهُرِ الْمُشْرِكِينَ، لاَ تَرَاءَى نَارَاهُمَا»

''മുശ്രിക്കുകൾക്കിടയിൽ താമസിക്കുന്ന മുസ്ലിമിൽ നിന്ന് ഞാനൊഴിവാണ്. അവരുടെ വെളിച്ചം പരസ്പരം കാണാവുന്ന രൂപത്തിലാകരുത്.'' (അബൂദാവൂദ്: 2647)

ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇബ്നുൽ അഥീർ പറഞ്ഞു: ''മുശ്രികിന്റെ ഭവനത്തിൽ നിന്ന് തന്റെ വീട് വിദൂരമാക്കുക എന്നത് മുസ്ലിമിന്റെ മേൽ നിർബന്ധമാണ്. അവന്റെ വീട്ടിൽ പ്രകാശം കത്തിച്ചാൽ മുശ്രികിന്റെ വീട്ടിൽ അത് കാണുന്ന രൂപത്തിലുള്ള സ്ഥലങ്ങളിൽ അവൻ വീടൊരുക്കരുത്. മറിച്ച് അവൻ മുസ്ലിംകളോടൊപ്പമാണ് താമസിക്കേണ്ടത്. ഈ ഹദീഥിൽ ഹിജ്റക്കുള്ള (പാലായനം) പ്രോത്സാഹനമുണ്ട്.'' (ഔനുൽ മഅ്ബൂദ്: 7/305)

മാത്രമല്ല, കാഫിറുകളുടെ നാട്ടിൽ നിന്ന് പാലായനം ചെയ്യുകയെന്നത് ഇസ്ലാമിലെ മഹത്തരമായ ഇബാദതുകളിലൊന്നുമാണ്. വലാഇനെയും ബറാഇനെയും വിശദീകരിക്കവെ മുസ്ലിംകളോടൊപ്പം താമസിക്കൽ വലാഉം, മുശ്രിക്കുകളിൽ നിന്ന് അകന്നു താമസിക്കൽ ബറാഅതുമാണെന്ന് പണ്ഡിതന്മാരിൽ ചിലർ പറഞ്ഞതും മുൻപ് നൽകിയിരുന്നു.

'വലാഇലും ബറാഇലും' അതിരു കവിഞ്ഞ് പല അനുവദനീയങ്ങളായ കാര്യങ്ങളെയും ബറാഅതിൽ ഉൾപ്പെടുത്തിയവർക്ക് മറുപടിയെഴുതിയപ്പോൾ അബ്ദു റഹ്മാൻ അതിന്റെ നേർവിപരീതത്തിൽ ചെന്ന് ചാടുകയാണുണ്ടായിരിക്കുന്നതെന്ന് തോന്നുന്നു. അല്ലാഹുവോ റസൂലോ അനുവദിക്കാത്ത പലതും മുആമലതിന്റെ –ഇടപാടുകളുടെ– പട്ടികയിൽ പെടുത്തി അനുവദനീയമാക്കാനുള്ള ഈ ശ്രമം ഒരു നിലക്ക് പറഞ്ഞാൽ –ഒരു ബിദ്അത്തിനെ മറ്റൊരു ബിദ്അത്ത് കൊണ്ടെതിർക്കലാണ്–.

'ഇതര മതസ്ഥർ അയൽപക്കങ്ങളിൽ ഉണ്ടാകാൻ പാടില്ലെന്ന് നബി -ﷺ- പഠിപ്പിച്ചിട്ടില്ലെന്ന' അബ്ദു റഹ്മാന്റെ പ്രസ്താവനയോട് പൂർണമായി ഞാൻ എതിരല്ലെങ്കിലും, ഇവിടെയുള്ള പലരും ഒളിഞ്ഞും തെളിഞ്ഞുമെതിർക്കുന്ന ഹിജ്റയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മറക്കാതെ പോകരുതെന്നോർമ്മപ്പെടുത്താനുമുണ്ട്. കാരണം, നേരത്തെ പറഞ്ഞതു പോലെ കാഫിറുകൾക്കിടയിൽ പോയി താമസിക്കുകയെന്നതും മറ്റുമൊക്കെ നബി -ﷺ- വിലക്കിയ കാര്യങ്ങളിൽ പെട്ടതാണ്.

പിന്നീട് അബ്ദു റഹ്മാൻ മുസ്ലിംകൾ കരാർ പാലിക്കേണ്ടവരാണെന്നും, നമ്മൾ താമസിക്കുന്നത് മുസ്ലിംകളുമായി കരാറിലേർപ്പെട്ട ഒരു രാജ്യത്തിലാണെന്നും, ഇവിടെ മറ്റു മതസ്ഥരുടെ മേൽ അതിക്രമം അഴിച്ചു വിടരുതെന്നുമെല്ലാം ഓർമ്മപ്പെടുത്തുന്നുണ്ട്. മക്കയിൽ പീഢനങ്ങളേറെ സഹിച്ച് ജീവിക്കേണ്ടി വന്ന അബൂ ജന്ദലിനെ നബി -ﷺ- മുശ്രിക്കുകളിലേക്ക് തന്നെ തിരിച്ചയച്ച സംഭവവും മറ്റും ഈ വിഷയ സംബന്ധമായി അബ്ദു റഹ്മാൻ എടുത്തു കൊടുത്തിട്ടുണ്ട്.

ആ പറഞ്ഞ കാര്യങ്ങളിൽ അബ്ദു റഹ്മാനോട് പൂർണമായി യോജിക്കുന്നു. നമ്മോട് നല്ല രൂപത്തിൽ വർത്തിക്കുന്ന ഏതൊരു കാഫിറിനോടും തിരിച്ചും അപ്രകാരം തന്നെ നന്മയിൽ വർത്തിക്കുകയെന്നതും, അവനെ ഇസ്ലാമിലേക്ക് നിരന്തരം ക്ഷണിച്ചു കൊണ്ടിരിക്കുകയെന്നതും, നമ്മളാൽ കഴിയുന്ന സഹായങ്ങൾ അവന് ചെയ്യുകയെന്നതും അനിവാര്യമാണ്. ഈ വിഷയത്തിൽ മാലികി പണ്ഡിതനായ ഇമാം ഖറാഫിയുടെ ചില വാക്കുകൾ ഞാൻ വിവർത്തനം ചെയ്യുകയും ചെയ്തിരുന്നു.

സമൂഹത്തിൽ വിവരമില്ലാത്ത ചിലർ വലാഇനെയും ബറാഇനെയും മനസ്സിലാക്കുന്നതിൽ അതിരു കവിയുകയും, കാഫിറുകളോട് തങ്ങൾക്കുള്ള ബാധ്യതകൾ വിസ്മരിക്കുകയും

ചെയ്തിട്ടുണ്ടെന്നതിൽ സംശയമില്ല. കാഫിറിനെ കണ്ടാൽ ഉടൻ മുഖത്ത് നോക്കി തുപ്പണമെന്നും, കരാറിലേർപ്പെട്ട കാഫിറിനെ തരം കിട്ടിയാൽ വധിച്ചു കളയണമെന്നുമെല്ലാം ധരിച്ചു വെച്ചിരിക്കുന്ന ചിലർ അഖീദയിലെ ഈ പ്രധാനപാഠം പഠിക്കുന്നതിൽ അബദ്ധം വരുത്തിയിരിക്കുന്നു.

അവരുടെ ചെയ്തികൾക്ക് മറ്റുള്ള മുസ്ലിംകളാണ് പലപ്പോഴും ഉത്തരം പറയേണ്ടി വരിക. ഇസ്ലാമിക പ്രബോധനത്തെയും, അല്ലാഹു കനിഞ്ഞരുളിയ സ്വസ്ഥ ജീവിതത്തെയും തകർക്കുന്ന ഇത്തരം അപക്വമതികൾ തങ്ങളുടെ അബദ്ധത്തിന്റെ ഗൗരവം മനസ്സിലാക്കുന്നില്ല. ഇവർ അല്ലാഹുവിന്റെ ദീൻ പഠിക്കുന്നതിലേക്കും, പണ്ഡിതന്മാരുടെ സദസ്സുകളിൽ നിന്ന് ദീൻ മനസ്സിലാക്കുന്നതിലേക്കും മാറിയിരുന്നില്ലെങ്കിൽ എന്തു മാത്രം വലിയ പിഴവുകളിലേക്കാണ് ഇനിയും അവർ എത്തിപ്പെടുകയെന്നത് പറയാൻ കഴിയില്ല.

'കാഫിറുകളെ വെറുക്കുക' എന്ന് മാത്രം പറഞ്ഞൊഴിവാക്കിയാൽ ഈ പറഞ്ഞ അബദ്ധങ്ങളിൽ ചിലർ ചെന്നു ചാടാൻ സാധ്യതയുണ്ട്. അതിനാൽ, അവരുമായി അല്ലാഹു അനുവദിച്ചിട്ടുള്ള ഇടപാടുകളെന്തെല്ലാമാണെന്നും മറ്റുമെല്ലാം പഠിപ്പിക്കേണ്ടതുണ്ട്. പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ചെയ്തത് പോലെ.

അബ്ദു റഹ്മാൻ പറഞ്ഞതു പോലെ: 'നബി -ﷺ- യുടെ നല്ല സ്വഭാവവും മറ്റും കണ്ടനേകം പേർ ഇസ്ലാമിലേക്ക് വന്നിട്ടുണ്ട്.' ശരിയാണ്. അവിടുത്തെ സ്നേഹവും ഇഷ്ടവും പൂർണമായി ലഭിക്കണമെങ്കിൽ, ആ സ്വഭാവത്തിന്റെ പൂർണമാഹാത്മ്യം അനുഭവിച്ചറിയണമെങ്കിൽ മുസ്ലിമായാൽ മതി എന്നവർക്ക് മനസ്സിലായിരുന്നു. ഇസ്ലാമിലേക്ക് വരാൻ അർഹമായ കാരണം തന്നെയാണത്.

ഇതു പോലെ തന്നെയായിരിക്കണം നമ്മളും. കാഫിറിനെ

നാം മനസ്സു കൊണ്ട് വെറുക്കുന്നു. എന്നാൽ അവനോട് നാം നല്ല രൂപത്തിൽ പെരുമാറുകയും, അവനോട് കാരുണ്യം കാണിക്കുകയുമെല്ലാം ചെയ്യും. എന്നാൽ അവനെ നമ്മളൊരിക്കലും കൂട്ടുകാരനാക്കില്ല; നമ്മുടെ സ്നേഹവും ബഹുമാനവും അവന് ലഭിക്കില്ല. അതവന് ലഭിക്കണമെന്നുണ്ടെങ്കിൽ, നമ്മുടെ സ്വന്തം സഹോദരനെ പോലെ –അല്ലെങ്കിൽ അതിലും മീതെ– സ്നേഹിക്കപ്പെടണമെന്നവന് ആഗ്രഹമുണ്ടെങ്കിൽ അവൻ ഇസ്ലാം സ്വീകരിക്കട്ടെ.

ഇതേറ്റവും നല്ല ഒരു ഓഫറാണ്. ഏതൊരാൾക്കും ഇസ്ലാമിലേക്ക് ആകൃഷ്ടനാകാൻ ഇത് തന്നെ ധാരാളം മതിയായതാണ്. ധനത്തിന്റെയും സൗന്ദര്യത്തിന്റെയും മറ്റു ഐഹിക മേന്മകളുടെയും പേരിൽ നിന്നെ സ്നേഹിക്കാൻ പലരെയും നിനക്ക് ലഭിക്കും. പക്ഷേ അതിലൊരു കുറവു വന്നാൽ അവന്റെ സ്നേഹവും കുറയും. എന്നാലിതാ –ഞങ്ങൾ മുസ്ലിമീങ്ങൾ– അല്ലാഹുവിന്റെ മാർഗത്തിലാണ് സ്നേഹിക്കുന്നത്. എന്നെന്നും ജീവിക്കുന്നവനായ, ഒരിക്കലും മരിക്കാത്തവനായ, നിന്റെയും എന്റെയും സ്രഷ്ടാവാണവൻ.

ഈ സ്നേഹം ഒരിക്കലും അവസാനിക്കില്ല. മരണ ശേഷവും നാം സഹോദരങ്ങളായിരിക്കും. അങ്ങേയറ്റത്തെ സുഖാനുഭൂതികളിലും സ്വർഗീയാരാമങ്ങളിലുമായിരിക്കും.

ഒരു നിലക്ക് നോക്കിയാൽ കാഫിറിനെ നാം വെറുക്കുന്നത് അവനെ സ്നേഹിക്കുന്നതിന് വേണ്ടിയാണ് പക്ഷേ അതവൻ മുസ്ലിമായാലാണെന്ന് മാത്രം. അല്ല! ശരിക്കു പറഞ്ഞാൽ അവന്റെ അഛനെക്കാളും അമ്മയെക്കാളും അവന് നന്മ ലഭിക്കണമെന്നാഗ്രഹിക്കുന്നത് മുസ്ലിമീങ്ങളാണ്. അവരെല്ലാം ഭൂമിയിലെ പ്രയാസങ്ങളിൽ നിന്നാണവനെ രക്ഷിക്കാൻ ശ്രമിക്കുന്നതെങ്കിൽ, മുസ്ലിമീങ്ങൾ അവനെ അകറ്റുന്നത് അവസാനിക്കാത്ത അഗ്നിനാളങ്ങളിൽ നിന്നാണ്. ഏതാണ് ഉത്തമം? ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ!

ചുരുക്കത്തിൽ, വലാഉം ബറാഉം ദഅ്വത്താണ്. അല്ലാഹുവിന്റെ മാർഗത്തിൽ വെറുക്കൽ ദഅ്വത്താണ്. ഈ സ്നേഹത്തിനും വെറുപ്പിനുമുള്ള മാനദണ്ഡം സത്യവും നീതിയുമാണ്; അല്ലാതെ കേവല ഐഹിക നേട്ടങ്ങളല്ല.

ഇവിടെ ചെറുപ്രായം തൊട്ട് 'ഇന്ത്യക്കാരെല്ലാം എന്റെ സഹോദരീ സഹോദരങ്ങളാണ്' എന്ന് പ്രതിജ്ഞ ചൊല്ലി തുടങ്ങുന്ന കുട്ടികൾ പ്രായമാകുമ്പോൾ പണത്തിനും അധികാരത്തിനും മറ്റു നേട്ടങ്ങൾക്കുമായി എന്തെന്തു വലിയ ക്രൂരതകളാണ് ചെയ്തു കൂട്ടുന്നത്?! രാജ്യത്തിന്റെ കാവലാളുകളെന്ന് വിശേഷിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികൾ കൊന്നൊടുക്കുന്നത് നിരപരാധികളായ എത്രയധികം ജീവനുകളെയാണ്?!

ഈ കാപട്യം ഒരു മുസ്ലിമിലുമുണ്ടാകേണ്ടതില്ല. ഞങ്ങളുടെ ദീൻ സ്വീകരിച്ചവരെ ഞങ്ങൾക്ക് ഇഷ്ടമാണ്; അത് സ്വീകരിച്ചിട്ടില്ലാത്തവരെ ഞങ്ങൾ വെറുക്കുകയും ചെയ്യും. അതിന് കാരണങ്ങളുണ്ട്. അന്ധമായ വെറുപ്പിന്റെ പ്രത്യയശാസ്ത്രമൊന്നുമല്ലയിത്. നിന്നെയും എന്നെയും പടച്ച സ്രഷ്ടാവിന് വേണ്ടിയാണ് ഈ ചേരിതിരിവ്. അവന് വേണ്ടിയല്ലെങ്കിൽ പിന്നെയാർക്ക് വേണ്ടിയാണ് നീ ചേരിതിരിയേണ്ടത്?!

ചുരുക്കട്ടെ –ദൈർഘ്യം ഇപ്പോൾ തന്നെ കൂടുതലാണ്–; വലാഉം ബറാഉം ദഅ്വത്തിനെ മുടക്കാനുള്ളതല്ല. മറിച്ച്, അത് ശരിയായ ദഅ്വത്താണ്. ഇബ്രാഹീം നബി– ÷ –യും അദ്ദേഹത്തോടൊപ്പമുള്ളവരും തങ്ങളുടെ ജനതയോട് വിളിച്ചു പറഞ്ഞതു തന്നെ നമുക്കും പറയാനുള്ളത്:

«إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ»

''നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുമുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞ

ങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.'' (മുംതഹന: 4)

**വാൽക്കഷ്ണം:**

ഇത്രയും ദീർഘിച്ച ഒരു ലേഖനത്തിന് ഇങ്ങനെയൊരു വാല് അനൗചിത്യമുണ്ടാക്കുന്നതാണെങ്കിലും ഇത് കൂടി എഴുതുന്നത് നന്നാകുമെന്ന് തോന്നുന്നു.

വിസ്ഡം ഗ്രൂപ്പ് പോലൊരു വലിയ സംഘടന സംവിധാനത്തിനിടയിൽ നിന്ന് പലപ്പോഴും സലഫി പണ്ഡിതന്മാരുടെ പല വിഷയങ്ങളിലുള്ള നിലപാടുകളും വിവർത്തനം ചെയ്തിടുകയും, കർമ്മശാസ്ത്രവുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും മറ്റും ക്രോഡീകരിച്ച് ചെറു കുറിപ്പുകൾ എഴുതുകയും ചെയ്യാറുള്ള അബ്ദു റഹ്മാന്റെ സേവനത്തെ നിസ്സാരമാക്കി കാണുന്നത് കൊണ്ടോ അല്ല മേലെയുള്ള വിയോജനക്കുറിപ്പെഴുതിയത്.

മറിച്ച്, സലഫി അഖീദയിൽ നമ്മളെല്ലാം ഒരുമിച്ചു നിൽക്കണമെന്നും, അതിന് സംഘടനയിലുണ്ടെന്നതോ ഇല്ലെന്നതോ നമുക്ക് തടസ്സമാകരുതെന്നുമുള്ള ആഗ്രഹവും കൊണ്ടാണിത്.

നമുക്കേറ്റവും വലുത് 'ഹഖ്' എന്താണെന്നുള്ളതാണ്. അതിനെക്കാൾ വലുതല്ല നമുക്ക് വ്യക്തികളും സംഘടനകളും മറ്റു ഐഹിക വിഭവങ്ങളുമൊന്നും. വലാഇനെയും ബറാഇനെയും തകിടം മറിക്കുന്ന സംഘടനാ നേതാക്കളുടെ തെറ്റുകൾക്ക് ന്യായീകരണം കണ്ടെത്തേണ്ട ബാധ്യത നമുക്കില്ലല്ലോ? അതിനാൽ സത്യം വെളിവാക്കുക.

ഈ വിഷയത്തിൽ അതിരു കവിഞ്ഞവരെ തിരുത്തി ലേഖനമെഴുതിയ അബ്ദു റഹ്മാന്റെ ഉദ്ദേശശുദ്ധിയെയോ മറ്റോ ഞാ

ൻ ആക്ഷേപിക്കുന്നില്ല. എന്നാൽ അതിലെഴുതിയ പല കാര്യങ്ങളിലും അബദ്ധമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്.

എനിക്ക് തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുക. ഞാൻ തിരുത്താൻ തയ്യാറായിരിക്കും. അങ്ങനെയല്ല ഞാനുള്ളതെങ്കിൽ എനിക്ക് തന്നെയാണ് നഷ്ടം. അല്ലാഹുവിന്റെ അടുക്കൽ എന്റെ നാവോ പേനയോ എന്നെ രക്ഷിക്കാനുണ്ടാവില്ല.

തെറ്റ് അബ്ദു റഹ്മാന്റെ പക്കലാണെങ്കിൽ നിങ്ങളും തിരുത്തുക. അത് പ്രതാപവും ആദരവുമല്ലാതെ വർദ്ധിപ്പിക്കില്ല. ശരി കാണിച്ചു കൊടുത്തവന് അബദ്ധം സംഭവിച്ചവനെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല. തഖ്‌വയുടെ അടിസ്ഥാനത്തിലല്ലാതെ.

അല്ലാഹുവാണ് നമ്മുടെ മനസ്സ് കാണുന്നവൻ.

وصلى الله وسلم وبارك على نبينا محمد، وعلى آله وصحبه وسلم.

كتبه: أبو تراب عبد المحسن بن سيد علي عيديد -غفر الله له-